പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## എട്ടാമത് റിപ്പോർട്ട്

( 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## എട്ടാമത് റിപ്പോർട്ട്

( 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള 2004 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്

415/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 29 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്ന് ലഭിച്ച മറുപടി | .. | 34 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. എൻ. എ. ഖാദർ
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2011–2014)-യുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2011 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

## റിപ്പോർട്ട്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സി. & എ. ജി.-യുടെ 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്.

ഓഡിറ്റ് ഖണ്ഡിക

**ചാമ്പലാക്കുന്ന യന്ത്രം വാങ്ങിയതിലെ ക്രമക്കേട്**

**ചാമ്പലാക്കുന്ന യന്ത്രം നൽകി സ്ഥാപിക്കുന്നതിന് ഒരു സംസ്ഥാന സർക്കാർ സ്ഥാപനം നൽകിയ ഏറ്റവും കുറഞ്ഞ ഓഫർ കായംകുളം മുനിസിപ്പാലിറ്റി നിരസിച്ചു; ഒരു സ്വകാര്യ സ്ഥാപനത്തിന് ഓർഡർ നൽകി. സ്ഥാപനം 21.50 ലക്ഷം രൂപ അഡ്വാൻസ് വാങ്ങി; പക്ഷേ ചാമ്പലാക്കുന്ന യന്ത്രം നൽകുന്നതിൽ പരാജയപ്പെട്ടു.**

ചാമ്പലാക്കുന്ന യന്ത്രം നൽകി സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിന് (2003 ജനുവരി) പ്രതികരണമായി കായംകുളം മുനിസിപ്പാലിറ്റിക്ക് നാല് ഓഫറുകൾ കിട്ടി. അവയിൽ ഒന്ന്, വില്പന നികുതി ഒഴികെ 25 ലക്ഷം രൂപയ്ക്ക് ഒരു സംസ്ഥാന സർക്കാർ സ്ഥാപനം നൽകിയതായിരുന്നു. വില്പന നികുതി ഉൾപ്പെടെ 48 ലക്ഷം രൂപയ്ക്ക് ഒരു സ്വകാര്യ സ്ഥാപനം 'എ' നൽകിയ രണ്ടാമത്തെ കുറഞ്ഞ ഓഫർ മുനിസിപ്പാലിറ്റി പരിഗണിച്ചു. 43 ലക്ഷം രൂപയ്ക്കുള്ള അവരുടെ നെഗോഷ്യേറ്റ് ചെയ്ത ഓഫർ സ്വീകരിച്ചു. എന്നാൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ട് അടങ്കൽ 30 ലക്ഷം രൂപയായിരുന്നു. സ്ഥാപനം 'എ'-യ്ക്ക് മുനിസിപ്പാലിറ്റി അഡ്വാൻസ് ആയി 21.50 ലക്ഷം രൂപ നൽകി (2003 മാർച്ച്) യന്ത്രം നൽകി സ്ഥാപിക്കുന്നത് പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ച സമയം 2003 ജൂണിൽ കഴിഞ്ഞുപോയെങ്കിലും 2004 ഒക്ടോബറിലും സ്ഥാപനം യന്ത്രം നൽകിയിട്ടില്ല.

പ്രശ്നം നഗരകാര്യ ജോയിന്റ് ഡയറക്ടർ അന്വേഷിച്ചെന്നും അദ്ദേഹം ആഗസ്റ്റ് 2003-ൽ റിപ്പോർട്ട് സമർപ്പിച്ചുവെന്നും ഫലം കാത്തിരിക്കുകയാണെന്നും മുനിസിപ്പാലിറ്റി പ്രസ്താവിച്ചു (2004 നവംബർ).

ഈ വിഷയം സംബന്ധിച്ച് 2004 ജൂണിൽ സർക്കാരിന് എഴുതി; മറുപടി ലഭിച്ചിട്ടില്ല (നവംബർ 2004).

(സി.&എ.ജി.-യുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവണ്മെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കായംകുളം മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 27-8-2003-ൽ ഇൻസിനറേറ്ററിന്റെ നിർമ്മാണപ്രവർത്തനം ഗവൺമെന്റ് സ്റ്റേ ചെയ്തുവെന്നും, സാമ്പത്തിക അഴിമതി ആരോപണത്തെ തുടർന്നാണ് സ്റ്റേ നടപടി ഉണ്ടായതെന്നും കായംകുളം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ഫയലുകളെല്ലാം

വിജിലൻസ് വകുപ്പിന്റെ കൈവശമാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. നഗരസഭ 21.5 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും 3,70,000 രൂപ മാത്രമേ ഇതിനായി ചെലവഴിച്ചിട്ടുള്ളൂവെന്നും വിജിലൻസ് കേസുണ്ടായതിനാൽ പണി നിർത്തിവെയ്ക്കുകയാണുണ്ടായതെന്നും നാളിതുവരെ ഇൻസിനറേറ്ററിന്റെ പണി പൂർത്തിയായിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകി.

2. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയ്ക്ക് ഒരു പൊതു മേഖലാ സ്ഥാപനം സമർപ്പിച്ച ടെണ്ടർ നിരാകരിച്ച് 43 ലക്ഷം രൂപയ്ക്ക് സ്വകാര്യ സ്ഥാപനത്തിന് ടെണ്ടർ നൽകാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് ചിരട്ട ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രോജക്ടാണ് ഡി.പി.സി. ആദ്യം അംഗീകരിച്ചതെന്നും ഓയിലും ഡീസലും ഉപയോഗിച്ചുള്ള ഇൻസിനറേറ്ററിനുള്ള ടെണ്ടറായിരുന്നു പൊതു മേഖലാ സ്ഥാപനമായ ആഗ്രോ ഇൻഡസ്ട്രീസ് സമർപ്പിച്ച പ്രോജക്ടെന്നും ആവർത്തന ചെലവില്ലെന്ന കാരണത്താൽ ചിരട്ട ഉപയോഗിച്ചുള്ള ഇൻസിനറേറ്ററായിരുന്നു അഭികാമ്യമെന്നു നഗരസഭ കണ്ടെത്തുകയും ഡി.പി.സി.-യും ഡി.എം.ഒ.-യും ഇത് അംഗീകരിക്കുകയും ചെയ്തുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 6-3-2003-ലെ നഗരസഭാ കൗൺസിൽ യോഗത്തിൽ ഭൂരിപക്ഷ തീരുമാനപ്രകാരം ചിരട്ട ഉപയോഗിച്ച് പ്രവർത്തിക്കുന്ന പദ്ധതി അംഗീകരിക്കുകയായിരുന്നുവെന്നും സെക്രട്ടറി സമിതിയെ തുടർന്ന് അറിയിച്ചു. കൂടിയ നിരക്കിൽ സ്വകാര്യസ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചതിൽ നഗരസഭാ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഉണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

3. ടെണ്ടർ സ്വീകരിച്ച സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സ്ഥാപനം നിലവിലുണ്ടെന്നും 28-3-2003-ലാണ് പണം കൊടുത്തതെന്നും പന്ത്രണ്ട് മാസത്തിനകം ജോലി തീർക്കണമെന്നായിരുന്നു വ്യവസ്ഥയെന്നും 3-9-2003-ൽ നിയമനടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് നോട്ടീസ് കൊടുത്തിരുന്നെന്നും അതിന് ശേഷമാണ് സ്റ്റേ വന്നതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

4. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7-4-2010-ലെ 7285/AC3/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

വിഷയം സംബന്ധിച്ച് മുനിസിപ്പാലിറ്റിക്ക് 18 ലക്ഷം രൂപയോളം നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് താഴെപ്പറയുന്ന വ്യക്തികൾ/കൗൺസിൽ അംഗങ്ങൾ എന്നിവരിൽ നിന്ന് ഈടാക്കുന്നതിനാണ് കൊല്ലം ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.

| | | |
|---|---|---|
| (1) സാംജി ഡേവിഡ് (സെക്രട്ടറി) | .. | 1,17,478 രൂപ |
| (2) Purchase committee | .. | 7,04,868 രൂപ |
| (3) കൗൺസിൽ അംഗങ്ങൾ | .. | 3,00,000 രൂപ |
| (4) കെ.എസ്. ഗോപാലകൃഷ്ണൻ | .. | 91,923 രൂപ |
| (5) 20% കുറയ്ക്കണം എന്ന് ആവശ്യപ്പെട്ട വ്യക്തികൾ | .. | 1,01,568 രൂപ |
| (6) 10% കുറയ്ക്കണം എന്ന് ആവശ്യപ്പെട്ട വ്യക്തികൾ | .. | 4,67,258 രൂപ |
| | | 17,83,095 രൂപ |

ടി വിഷയത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണെന്നും വിജിലൻസ് റിപ്പോർട്ട് ഇതുവരെയും ലഭിച്ചില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

5. **കായംകുളം മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തി അഴിമതി ആരോപണത്തെ തുടർന്ന് സർക്കാർ സ്റ്റേ ചെയ്തുവെന്നും ഇത് സംബന്ധിച്ച അന്വേഷണം വിജിലൻസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി 21.50 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും 3,70,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുന്നു. 2004-ൽ ഇത് സംബന്ധിച്ച കേസ്സ് വിജിലൻസ് ഏറ്റെടുത്തുവെങ്കിലും 2011 ആയിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത കാലതാസത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം അതിനുത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന കൊല്ലം ജോയിന്റ് ഡയറക്ടറുടെ ശുപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കണമെന്നും അതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം ഈ കേസ്സ് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷിക്കുന്ന കേസ്സുകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. വിജിലൻസ് വകുപ്പിലെ കാലതാമസംമൂലം കുറ്റക്കാർക്കെതിരെ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കാതെ വരികയും പലപ്പോഴും കുറ്റക്കാരായ ഉദ്യോഗസ്ഥർ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ദുർവിനിയോഗം ചെയ്ത പൊതു പണം യഥാസമയം വീണ്ടെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് കൈമാറപ്പെടുന്ന കേസ്സുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിന് ആഭ്യന്തരവകുപ്പ് നടപടിയെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കശാപ്പുശാലയ്ക്കുവേണ്ടി പ്രയോജനമില്ലാത്ത ചെലവ്**

**എത്തിച്ചേരാൻ വഴിയില്ലാത്ത സ്ഥലം കശാപ്പുശാല പണിയാൻ തെരഞ്ഞെടുത്തതിന്റെ ഫലമായി 36.49 ലക്ഷം രൂപയുടെ ഉൽപ്പാദനക്ഷമമല്ലാത്ത ചെലവുണ്ടായി.**

ശുചിയായതും ആരോഗ്യകരവുമായ മാംസം പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുവേണ്ടി, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ സഹകരണ ത്തോടെ, 40.82 ലക്ഷം അടങ്കൽ തുകയോടെ വെള്ളാങ്ങല്ലൂരിൽ ഒരു കശാപ്പുശാല പണിയാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു (1997 സെപ്റ്റംബർ). കശാപ്പുശാല ജില്ലാ പഞ്ചായത്ത് നിർമ്മിക്കുവാനും (33.19 ലക്ഷം രൂപ) ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങാനു (7.63 ലക്ഷം രൂപ)-മായിരുന്നു തീരുമാനം. ആരംഭിച്ചു കഴിഞ്ഞാൽ തുടർ പ്രവർത്തനം ഗ്രാമപഞ്ചായത്തായിരുന്നു നടത്തേണ്ടിയിരുന്നത്.

വില അടയ്ക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ, നിശ്ചിത നിരക്കിൽ, 66 സെന്റ് പുറമ്പോക്ക് ഭൂമി ഗ്രാമപഞ്ചായത്തിന് നൽകാൻ സർക്കാർ ഉത്തരവിട്ടു (1998 ഒക്ടോബർ). വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് 3.30 ലക്ഷം രൂപ ഒടുക്കി (1998 ഡിസംബർ) ഭൂമി കൈവശപ്പെടുത്തി (1999 ജനുവരി). എന്നാൽ റോഡിൽനിന്ന് ഈ ഭൂമിയിലേക്ക് ശരിയായ വഴി ഉണ്ടായിരുന്നില്ല, കശാപ്പുശാല ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ്, കേരള (സിൽക്ക്) എന്ന പൊതുമേഖലാ സ്ഥാപനത്തിന് ജില്ലാ പഞ്ചായത്ത് 33.19 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകി (1998 ജൂൺ). സ്ഥലം കൈമാറുന്ന ദിവസം മുതൽ 9 മാസത്തിനകം പണി പൂർത്തിയാക്കണമെന്നായിരുന്നു നിർദ്ദേശം. കെട്ടിട നിർമ്മാണത്തിനുള്ള സാധനങ്ങൾ സ്വകാര്യഭൂമിയിലൂടെ സിൽക്ക് കടത്തിക്കൊണ്ടു പോയി. കശാപ്പുശാലയുടെ പണി 2000 സെപ്റ്റംബറിൽ തീർന്നശേഷം, ഗ്രാമപഞ്ചായത്ത്

വൈദ്യുതി ബന്ധത്തിന് അപേക്ഷിച്ചപ്പോൾ, സ്വകാര്യ ഭൂമിക്കു മുകളിലൂടെ കേബിൾ വലിക്കേണ്ടി വരുമെന്നതിനാൽ, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വൈദ്യുതി കണക്ഷൻ നൽകാൻ സാദ്ധ്യമല്ലെന്ന് അറിയിച്ചു. കശാപ്പുശാലയിലേക്ക് വഴിക്കു വേണ്ടി സ്ഥലം വാങ്ങാൻ ഗ്രാമപഞ്ചായത്ത് നടത്തിയ ശ്രമങ്ങൾ 2004 മേയ് വരേയും ഫലപ്രദമായിട്ടില്ല.

ഭൂമി അനുയോജ്യമാണോ എന്ന്, വാങ്ങുന്നതിനുമുമ്പ് വിലയിരുത്തുന്നതിൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും പരാജയപ്പെട്ടതിനാൽ ആരംഭിച്ച് ഏഴുവർഷം കഴിഞ്ഞിട്ടും പ്രോജക്ട് പൂർത്തിയാക്കാൻ കഴിയാതെ വരികയും 36.49 ലക്ഷം രൂപയുടെ പ്രയോജനപ്രദമല്ലാത്ത ചെലവു വരികയും ചെയ്തു.

ഈ വിഷയത്തെപ്പറ്റി 2004 ജൂലൈയിൽ സർക്കാരിന് എഴുതി; മറുപടി കിട്ടിയിട്ടില്ല (2004 നവംബർ).

(സി. & എ.ജി.-യുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവണ്മെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. വഴിയില്ലാത്ത വസ്തു കശാപ്പുശാലയ്ക്കായി വാങ്ങിയതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് കശാപ്പുശാലയ്ക്ക് 33.19 ലക്ഷം രൂപയും സ്ഥലത്തിന് 7.63 ലക്ഷം രൂപയുമാണ് പ്രോജക്ടിൽ പറഞ്ഞിട്ടുള്ളതെന്നും അതിൽ ഗ്രാമപഞ്ചായത്ത് സ്ഥലത്തിന് 3.3 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് പ്രോജക്ടിന് 33.19 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും 2006-07-ൽ ജില്ലാ-ഗ്രാമപഞ്ചായത്തുകൾ പദ്ധതി വച്ച് 12 സെന്റ് സ്ഥലം വാങ്ങി റോഡ് ശരിയാക്കിയിട്ടുണ്ടെന്നും മൂന്ന്-നാല് മാസത്തിനുള്ളിൽ അറവുശാല പ്രവർത്തനക്ഷമമാകുമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

8. പ്ലാൻ ഫണ്ടിൽനിന്ന് പണം മുടക്കി പന്ത്രണ്ട് വർഷം കഴിഞ്ഞിട്ടും ഒരു പ്രയോജനവും ലഭിക്കാത്തത് അക്ഷന്തവ്യമായ കുറ്റമാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും ചേർന്നുള്ള ജോയിന്റ് പ്രോജക്ടാണ് ഇതെന്നും ഗ്രാമപഞ്ചായത്താണ് സ്ഥലം വാങ്ങിയതെന്നും സെക്രട്ടറി അറിയിച്ചു. മൂന്നുമാസത്തിനുള്ളിൽ കശാപ്പുശാല പ്രവർത്തനക്ഷമമാകുമെന്നും പഴയ യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് 1.25 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ജില്ലയിലെ ഒരു പഞ്ചായത്തിലും അംഗീകൃത അറവുശാലയില്ലെന്നും പ്രോജക്ട് പ്രവർത്തനക്ഷമമാകുമ്പോൾ ഒരു ബ്ലോക്ക് ഏരിയായിൽ മുഴുവൻ ഉപയോഗിക്കുവാൻ കഴിയുമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

9. **എത്തിച്ചേരാൻ വഴിയില്ലാത്ത വസ്തു വാങ്ങി കശാപ്പുശാല നിർമ്മിച്ചതുവഴി 36.49 ലക്ഷം രൂപ 12 വർഷക്കാലത്തോളം പ്രയോജനരഹിതമായ നിക്ഷേപമായി അവശേഷിക്കുവാൻ തൃശൂർ ജില്ലാ പഞ്ചായത്തും വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തും ഇടയാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വാങ്ങിയ ഭൂമിയിൽ എത്തിച്ചേരാൻ വഴിയില്ലാതിരുന്നിട്ടും ജില്ലാ പഞ്ചായത്ത് 33.19 ലക്ഷം രൂപ മുടക്കി കശാപ്പുശാല നിർമ്മിച്ചതിന്റെ ഔചിത്യം സമിതിക്ക് ബോദ്ധ്യപ്പെടുന്നില്ല. 2006-07-ൽ ജില്ലാ-ഗ്രാമപഞ്ചായത്ത് വഴിക്കു വേണ്ടി സ്ഥലം വാങ്ങി റോഡ് നിർമ്മിച്ചുവെങ്കിലും 2010 ആയിട്ടും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തത് ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിലുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. പദ്ധതി വിഹിതത്തിൽനിന്ന് വലിയ തുക ചെലവഴിച്ച് പന്ത്രണ്ട് കൊല്ലം കഴിഞ്ഞിട്ടും ഇതിന്റെ ഒരു പ്രയോജനവും ജനങ്ങൾക്ക് ലഭിക്കാത്തത് പൊതുപണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ 1998-ൽ ആരംഭിച്ച പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ചുള്ള വിശദവിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്ലിനിക്കൽ ലബോറട്ടറികൾക്കുവേണ്ടി ഫലപ്രദമല്ലാത്ത ചെലവ്**

**അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാതെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിയതിനാൽ 22.64 ലക്ഷം രൂപയുടെ ചെലവ് ഫലപ്രദമല്ലാതായി.**

ചുരുങ്ങിയ ചെലവിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കുക, വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ തൃശൂർ ജില്ലാ പഞ്ചായത്ത് 'വനിതകൾക്ക് പാരാമെഡിക്കൽ രംഗത്ത് തൊഴിൽ' എന്ന പ്രോജക്ട് അംഗീകരിച്ചു (2001 ആഗസ്റ്റ്). മൊത്തം 31.20 ലക്ഷം രൂപ ചെലവിൽ 52 ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുകയെന്നതാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഇതിൽ 26 ലക്ഷം രൂപ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങാനും 5.20 ലക്ഷം രൂപ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനുമായിരുന്നു. ഡിസംബർ 2001-ൽ ലബോറട്ടറികൾ പ്രവർത്തിച്ചു തുടങ്ങേണ്ടതായിരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താതെ നിർവ്വഹണ ഉദ്യോഗസ്ഥൻ 46 ലബോറട്ടറികൾക്ക് ഉപകരണങ്ങളും കെമിക്കലുകളും സപ്ലൈ ചെയ്യുന്നതിന് ഒരു പ്രാദേശിക സ്ഥാപനത്തിന് ഓർഡർ നൽകി (2002 ആഗസ്റ്റ്). അദ്ദേഹം സ്ഥാപനത്തിൽനിന്ന് ഇൻവോയ്സ് വാങ്ങി, സാധനങ്ങൾ നല്ലനിലയിൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തി, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം 22.64 ലക്ഷം രൂപ നൽകി (2003 ജനുവരിക്കും മാർച്ചിനുമിടയിൽ). പക്ഷേ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളിൽത്തന്നെ സാധനങ്ങൾ സൂക്ഷിക്കുകയും ചെയ്തു. സപ്ലൈ തീയതിക്കുശേഷം 14 മാസം കഴിഞ്ഞ്

നിർവഹണ ഉദ്യോഗസ്ഥൻ സാധനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കു വിതരണം ചെയ്യാൻ തുടങ്ങി. അദ്ദേഹം ഉപകരണങ്ങളും കെമിക്കലുകളും 19 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തു (2003 മാർച്ച് ജൂലൈയ്ക്കുമിടയിൽ); 11 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറായിരുന്നില്ലെങ്കിലും ഉപകരണങ്ങളുടേയും കെമിക്കലുകളുടേയും രണ്ടുവർഷത്തെ ഗാരന്റി പീരിയഡ് 2004 ഡിസംബറിൽ അവസാനിച്ചു. പക്ഷേ 27 എണ്ണത്തിൽ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറായിരുന്നുമില്ല. ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ലബോറട്ടറി ടെക്നീഷ്യന്മാരെ ജില്ലാ പഞ്ചായത്ത് നിയമിച്ചില്ല.

ഉപകരണങ്ങളുടേയും കെമിക്കലുകളുടേയും വാങ്ങലും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന്റെ പൂർത്തീകരണവും ഒരുമിച്ചാക്കുന്നതിലുണ്ടായ പരാജയം കാരണം 22.64 ലക്ഷം രൂപയുടെ ചെലവ് ഫലപ്രദമായില്ല. തൽഫലമായി പാരാ മെഡിക്കൽ രംഗത്ത് വനിതകൾക്കു തൊഴിൽ നൽകുക, ഗ്രാമീണ ജനതയ്ക്കു ചുരുങ്ങിയ ചെലവിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങൾ പ്രാപ്യമായില്ല.

ഇക്കാര്യം സർക്കാരിന് 2004 ജൂണിൽ എഴുതി; മറുപടി കിട്ടിയിട്ടില്ല (2004 ഡിസംബർ).

(C.&A.G.-യുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാതെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിയതിനാൽ 22.64 ലക്ഷം രൂപയുടെ ചെലവ് ഫലപ്രദമല്ലാതായത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസർ ശ്രീ. വിശ്വനാഥനാണ് പർച്ചേസ് നടത്തിയതെന്നും ടിയാന് ഇതു സംബന്ധിച്ച് ഔദ്യോഗിക മേൽവിലാസത്തിലും, വീട്ടിലെ മേൽവിലാസത്തിലും നോട്ടീസ് നൽകിയെങ്കിലും ഇതുവരെയും ടിയാൻ പ്രതികരിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും കത്തയച്ചെങ്കിലും മറുപടി കിട്ടിയില്ലെന്നും അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. അടിസ്ഥാന സൗകര്യം ഇല്ലാത്തത് മാത്രമല്ല പ്രശ്നമെന്നും പാരാമെഡിക്കൽ രംഗത്ത് വനിതകൾക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതിയിൽ അനുയോജ്യമായ യോഗ്യതയുള്ളവരെ കിട്ടിയില്ലെന്നും കമ്മീഷണർ സമിതിയെ അറിയിച്ചു. സർക്കാർ പി.എച്ച്.സി.-കൾക്കാണ് ഉപകരണങ്ങൾ നൽകിയതെന്നും അവിടെ ജോലി ചെയ്യണമെങ്കിൽ അംഗീകൃത എം.എൽ.ടി. യോഗ്യതയുള്ളവരാണ് വേണ്ടതെന്നും 1000 രൂപ പ്രതിമാസ ശമ്പളത്തിൽ ജോലി ചെയ്യുവാൻ വനിതകളെ കിട്ടാതായപ്പോൾ വി.എച്ച്.എസ്.ഇ. പാസ്സായവരെ നിയമിക്കുവാൻ അനുവാദം നൽകണമെന്ന് ആര്യോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും അനുവാദം കിട്ടിയില്ലെന്നും കമ്മീഷണർ തുടർന്ന് അറിയിച്ചു.

11. ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പ് പണം നൽകിയെങ്കിലും ഒരു വർഷം കഴിഞ്ഞാണ് കമ്പനി ഉപകരണം സപ്ലൈ ചെയ്തതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രോജക്ട് യഥാർത്ഥത്തിൽ പരാജയ മായിരുന്നുവെന്ന് കമ്മീഷണർ സമിതി മുമ്പാകെ സമ്മതിച്ചു. പൊതു ഖജനാവിലെ പണം യാതൊരു തത്വദീക്ഷയുമില്ലാതെ ചെലവ് ചെയ്യുന്നത് മേലിൽ ആവർത്തിക്കാ തിരിക്കാൻ ഇത്തരം ദുർവ്യയം നടത്തിയവർക്കെതിരെ നടപടി സ്വീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടി.

12. C.&A.G.-യുടെ ഈ objection-നെ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും വിശദീകരണം പല പ്രാവശ്യം ആവശ്യപ്പെട്ടതിനുശേഷമാണ് മറുപടി ലഭിച്ചതെന്ന് SPAO സമിതി അറിയിച്ചു. C.&A.G.-യുടെ റിപ്പോർട്ടിന്മേൽ കൃത്യസമയത്ത് മറുപടി നൽകണമെന്നും മറുപടി നൽകാത്തവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

13. **പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ സൃഷ്ടിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ 22.64 ലക്ഷം രൂപയുടെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിക്കൂട്ടിയത് പദ്ധതിപ്പണം എങ്ങിനെ ധൂർത്തടിക്കാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു. കെമിക്കലുകൾക്കും ഉപകരണങ്ങൾക്കും ഒരു പ്രാദേശിക സ്ഥാപനത്തിന് ഓർഡർ നൽകി അവിടെനിന്നും ഇൻവോയ്സ് വാങ്ങി, സാധനങ്ങൾ നല്ല നിലയിൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം 22.64 ലക്ഷം രൂപ സ്ഥാപനത്തിന് നൽകുകയും സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിൽത്തന്നെ ആയത് സൂക്ഷിക്കുകയും പിന്നീട് 14 മാസങ്ങൾക്കുശേഷം അവ വിതരണം നടത്തുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം സാധനങ്ങൾ വാങ്ങിയതിലും സപ്ലൈ ചെയ്തതിലും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്നും തൽഫലമായി ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുന്നു. ആയതിനാൽ, ഈ പ്രോജക്ട് നടത്തിപ്പിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്നും വ്യവസ്ഥകൾ പാലിക്കാതെയും അടിസ്ഥാന സൗകര്യം ഒരുക്കാതെയും സാധനങ്ങളുടെ വില, സപ്ലൈ ചെയ്ത സ്ഥാപനത്തിന് മുൻകൂർ നൽകുകയും 14 മാസങ്ങൾക്കുശേഷം അവ വാങ്ങി സപ്ലൈ ചെയ്യുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉൾപ്പെടെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

14. **പദ്ധതിപ്പണം വിനിയോഗിക്കുന്നത് സംബന്ധിച്ച് ഭരണവകുപ്പ് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഫലശൂന്യമായ നിക്ഷേപം**

**രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 1997-2002 കാലയളവിൽ നടത്തിയ 20.28 ലക്ഷം രൂപയുടെ നിക്ഷേപം ഫലദായകമായില്ല ; കാരണം രക്തബാങ്കുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു.**

1997-2001 കാലയളവിൽ രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകി. കെട്ടിടം നിർമ്മിക്കുക, ഉപകരണങ്ങൾ വാങ്ങുക, ഡ്രഗ്സ് കൺട്രോളറിൽ നിന്ന് ആവശ്യമായ ലൈസൻസുകൾ വാങ്ങുക, ജീവനക്കാരെ നിയമിക്കുക, വെള്ളം, ഇലക്ട്രിസിറ്റി എന്നിവയുൾപ്പെടെ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുക, തുടങ്ങിയ കാര്യങ്ങൾ, പ്രോജക്ട് റിപ്പോർട്ടിനനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നു ചെയ്യേണ്ടിയിരുന്നത്. നാലു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട് ടെസ്റ്റ് പരിശോധന നടത്തിയപ്പോൾ വ്യക്തമായത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രക്തബാങ്കിന്റെ കെട്ടിടനിർമ്മാണ ത്തിനുവേണ്ടി 1997-2002 കാലയളവിൽ ചെലവാക്കിയ 20.28 ലക്ഷം രൂപയുടെ ചെലവ് ഫലപ്രദമായില്ലെന്നാണ്. കാരണങ്ങൾ താഴെ പട്ടികയിൽ വിവരിക്കുന്നു :

| *തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിന്റെ പേര്* | *ആശുപത്രി യുടെ പേര്* | *നിർവ്വഹണ ഏജൻസി* | *പ്രോജക്ട് വർഷം* | *കെട്ടിടം പണി പൂർത്തി യായ മാസം/ വർഷം* | *ചെലവ് (രൂപ ലക്ഷ ത്തിൽ)* | *തടസ്സ മുണ്ടാക്കിയ പ്രശ്നം/ പ്രധാന പ്രയാസം* |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| വാഴൂർ ബ്ലോക്ക് പഞ്ചാ യത്ത് | താലൂക്ക് ആശുപത്രി, കാഞ്ഞിരപ്പള്ളി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 1997–98 | ജൂലൈ 2000 | 9.54 | (i) ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ ത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ സൃഷ്ടിച്ചിരു ന്നില്ല<br>(ii) രക്തബാങ്ക് ലൈസൻസ് കിട്ടിയില്ല (2004 ജൂലൈ) |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | താലൂക്ക് ആശുപത്രി, ചങ്ങനാശ്ശേരി | ആശുപത്രി വികസന കമ്മിറ്റി | 1998–99 | മേയ് 2002 | 5.06 | ഇലക്ട്രിസിറ്റി, വെള്ളം ഇവ ലഭിച്ചില്ല. (2004 ജൂലൈ) |
| വടകര മുനിസിപ്പാലിറ്റി | ഗവൺമെന്റ് ആശുപത്രി, വടകര | സൂപ്രണ്ട്, ഗവൺമെന്റ് ആശുപത്രി | 1997–98 | ആഗസ്റ്റ് 1999 | 2.42 | (i) ഉപകരണങ്ങൾ സപ്ലൈ ചെയ്തില്ല (ii) രക്തബാങ്ക് ലൈസൻസ് കിട്ടിയില്ല (2004 ജൂലൈ) |
| നെടുമങ്ങാട് മുനിസിപ്പാലിറ്റി | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നെടുമങ്ങാട് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 2000–01 | മാർച്ച് 2001 | 3.26 | ആവശ്യത്തിനുള്ള സ്റ്റാഫിന്റെ കാര്യത്തിൽ സർക്കാർ അനുമതി ലഭിച്ചിട്ടില്ല (ജൂലൈ 2004) |
| | | | | ആകെ | 20.28 | |

ഇപ്രകാരം, നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രക്തബാങ്ക് സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുംവേണ്ടി 1997-2002 കാലത്ത് ചെലവാക്കിയ 20.28 ലക്ഷം രൂപ ഫലശൂന്യമായി അവശേഷിച്ചു.

ഇക്കാര്യം സർക്കാരിന് എഴുതി; മറുപടി ലഭിച്ചിട്ടില്ല (2004 നവംബർ).

(C.&A.G.-യുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ രക്തബാങ്ക് ആരംഭിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഏറ്റവും കുറഞ്ഞത് 2000 യൂണിറ്റ് രക്തം എങ്കിലും പ്രോസസ്സ് ചെയ്താൽ മാത്രമേ രക്തബാങ്കിനുള്ള ലൈസൻസ് ലഭിക്കുകയുള്ളൂവെന്നും അതിന് സാധ്യതയില്ലാത്തതുകൊണ്ട് രക്തം സൂക്ഷിക്കുന്നതിനുള്ള ലൈസൻസ് ലഭ്യമാക്കി രക്തബാങ്ക് പ്രവർത്തിച്ചു തുടങ്ങിയെന്ന് ഗ്രാമവികസന കമ്മീഷണർ സമിതിയെ അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങൾ എല്ലാം നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് നടക്കുന്ന സമയത്ത് യൂണിറ്റ് പ്രവർത്തനമാരംഭിച്ചിരുന്നില്ലെന്നും കമ്മീഷണർ അറിയിച്ചു.

16. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ രക്തബാങ്കിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2004-ൽ കെട്ടിടത്തിന്റെ പണി പൂർത്തിയായെന്നും ഇരുപത്തിനാല് മണിക്കൂറും പവർ സപ്ലൈ ഉണ്ടെങ്കിൽ മാത്രമേ രക്തബാങ്കിന് പ്രവർത്തിക്കുവാൻ കഴിയൂ എന്നതിനാൽ 2008-ൽ ജനറേറ്റർ വാങ്ങി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും ഒരാഴ്ചയ്ക്കകം പ്രവർത്തനക്ഷമമാകുമെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. 1998-99 വർഷത്തെ പ്രോജക്ട് പത്ത് വർഷത്തിനുശേഷവും പൂർത്തിയാക്കുവാൻ കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

17. വടകര മുനിസിപ്പാലിറ്റിയിലെ രക്തബാങ്കിനെ സംബന്ധിച്ച് സമിതി അന്വേഷിച്ചപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ടെന്നും എ.സി.യും മറ്റു അനുബന്ധഉപകരണങ്ങളും പരിശീലനം ലഭിച്ച ഡോക്ടറും ടെക്നീഷ്യനും നഴ്സും ഉണ്ടെങ്കിലും ലൈസൻസ് ലഭിച്ചിട്ടില്ലെന്നും അവസാനമായി കേരള എയിഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തിരം വിശദമായി പ്രൊ ഫോർമ അയച്ച് കൊടുത്തിട്ടുണ്ടെന്നും ലൈസൻസ് ലഭിക്കുകയാണെങ്കിൽ ഉടനെ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 2008-ൽ പലതവണ അപേക്ഷകൊടുത്തെന്നും 2009-ൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ വന്ന് പരിശോധിച്ചെന്നും മറ്റു തടസ്സമൊന്നുമില്ലെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. ഒരു പദ്ധതിക്കാലത്ത് തുടങ്ങിയ പ്രോജക്ട് അടുത്ത പദ്ധതിക്കാലത്ത് പോലും പൂർത്തിയാകാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിച്ചു.

18. വടകര ഗവൺമെന്റ് ആശുപത്രിയിൽ സ്ഥാപിച്ച ബ്ലഡ് ബാങ്ക് പ്രവർത്തന സജ്ജമാക്കുന്നതിന് അനുമതിക്കായുള്ള രേഖകൾ ആശുപത്രി അധികൃതർ ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിച്ചുവെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ഡ്രഗ്സ് കൺട്രോളർ ലൈസൻസ് നൽകിയിട്ടില്ലെന്നും എന്നാൽ 2-2-2010-ന് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ബ്ലഡ് ബാങ്ക് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉടൻ ലഭ്യമാക്കുന്നതാണെന്നും ആശുപത്രി അധികൃതരെ അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് 7-4-2010-ലെ കത്തു പ്രകാരം സമിതിയെ അറിയിച്ചു.

19. നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ രക്തബാങ്കിന്റെ വിശദാംശം ആരാഞ്ഞതിന് കെട്ടിടത്തിന്റെ പണി കഴിഞ്ഞെന്നും 2009-ൽ ഡ്രഗ്സ് കൺട്രോളർ പരിശോധന നടത്തുകയും ഭിത്തി പൂശണമെന്നും സീലിംഗ് പ്ലാസ്റ്റർ ചെയ്യണമെന്നും തറയിൽ സെറാമിക് ടൈൽസ് ഇടണമെന്നും എങ്കിൽ മാത്രമേ ലൈസൻസ് നൽകുകയുള്ളൂവെന്നും മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിരിക്കുകയാണെന്നും മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഒറിജിനൽ പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷൻസ് അനുസരിച്ച് തന്നെയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും ഡ്രഗ്സ് കൺട്രോളർ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് തുക കണ്ടെത്തി ഉടനെ നിർവ്വഹിക്കുന്നതാണെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു.

20. രക്തബാങ്കിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണമെന്നും ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 16-7-2010-ലെ 23793/എൽ3/10/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് കെട്ടിടത്തിൽ പ്ലാസ്റ്ററിംഗ് നടത്തുന്നതിലേക്കായി 80,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ ഭരണാനുമതിക്കായി നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും നഗരസഭാ കൗൺസിലിന്റെ 10-2-2010-ലെ VIII-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത അടങ്കൽ കൗൺസിൽ അംഗീകരിക്കുകയും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽ നിന്നും നിർവ്വഹിക്കുന്നതിന് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയോട് ആവശ്യപ്പെട്ട് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് ആവശ്യമായ ഫണ്ടില്ലാത്തപക്ഷം നഗരസഭയുടെ മെയിന്റനൻസ് ഗ്രാന്റിൽപ്പെടുത്തി പദ്ധതി തയ്യാറാക്കി നിർവ്വഹിക്കുന്നതിനും അംഗീകരിച്ചു തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം താലൂക്ക് ആശുപത്രി സൂപ്രണ്ടിന് കത്ത് നൽകി അറിയിച്ചിട്ടുള്ളതാണ്. ആയതിന് മറുപടി ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന വിവരം ബോധിപ്പിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

21. **നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1997-2002 കാലഘട്ടത്തിൽ രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനുവേണ്ടി 20.28 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പത്ത് വർഷത്തിനുശേഷവും ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ രക്തം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ മറ്റ് മൂന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും രക്തബാങ്ക് തുടങ്ങുന്നതിനുള്ള നടപടി പകുതി ഘട്ടത്തിലെത്തിയ തേയുള്ളൂ. ആയതിനാൽ ചങ്ങനാശ്ശേരി, വടകര, നെടുമങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിൽ രക്തബാങ്ക് തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൂർത്തിയാകാത്ത/ഒഴിഞ്ഞുകിടക്കുന്ന മിനിവ്യവസായ എസ്റ്റേറ്റുകൾ**

**16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1997-2003 കാലയളവിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് നടത്തിയ 2.96 കോടിയുടെ നിക്ഷേപം പ്രയോജനരഹിതമായി.**

ഒമ്പതും പത്തും പഞ്ചവത്സര പദ്ധതികാലയളവിൽ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്രദേശങ്ങളിൽ വ്യവസായ യൂണിറ്റുകളും എസ്റ്റേറുകളും സ്ഥാപിക്കാനുള്ള പദ്ധതികൾ ആരംഭിച്ചു. വ്യവസായ തല്പരരെ ആകർഷിക്കാൻ വേണ്ടി ഭൂമി, കെട്ടിടം, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയ പശ്ചാത്തല സൗകര്യമൊരുക്കുകയായിരുന്നു പദ്ധതികളുടെ ഉദ്ദേശ്യം. 16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

ടെസ്റ്റ് പരിശോധനയിൽ 2.96 കോടി രൂപയുടെ ഇത്തരം നിക്ഷേപം 2004 മാർച്ചിലും പ്രയോജനരഹിതമായി അവശേഷിച്ചുവെന്ന് വ്യക്തമായി. ഇവയിൽ 11 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2.06 കോടി രൂപ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനാണ് ചെലവാക്കിയത്. അവ താഴെ കാണിക്കുംവിധം അപൂർണ്ണമായിക്കിടന്നു :

| *ക്രമ നമ്പർ* | *തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്* | *നിക്ഷേപം (രൂപ ലക്ഷത്തിൽ)* | *നിർവ്വഹണത്തിന്റെ ഘട്ടം* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ചാലക്കുടി മുനിസിപ്പാലിറ്റി | 16.00 | 1998-99-ൽ മുനിസിപ്പാലിറ്റി രണ്ടേക്കർ സ്ഥലം 16 ലക്ഷം രൂപയ്ക്ക് വാങ്ങി. വേറൊരു പ്രവൃത്തിയും ചെയ്തില്ല (2004 സെപ്റ്റംബർ) |
| 2 | പയ്യന്നൂർ മുനിസിപ്പാലിറ്റി | 19.60 | 1999 ഏപ്രിലിൽ റവന്യൂ ഡിപ്പാർട്ട് മെന്റ് 8.90 ഏക്കർ ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറി. 1999-2000-ൽ റവന്യൂ ഡിപ്പാർട്ട് മെന്റിന് 5.34 രക്ഷം രൂപ കൊടുത്തു. 2001-ൽ അപ്രോച്ച് റോഡുണ്ടാക്കാൻ 9.70 ലക്ഷം രൂപ ചെലവാക്കി. 1999-2000-ൽ ഇലക്ട്രിസിറ്റി ലൈൻ നീട്ടുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 4.56 ലക്ഷം രൂപ നിക്ഷേപിച്ചു. ഭൂമി 1999-2000-ൽ വാങ്ങിയെങ്കിലും അതിർത്തി അടയാളപ്പെടുത്തിയില്ല; ആധാരം ലഭിക്കാനിരിക്കുന്നതേയുള്ളൂ. കെട്ടിടം പണിക്കുവേണ്ടി നടപടിയൊന്നും ആരംഭിച്ചില്ല. |
| 3 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | 23.34 | 1999-2000-ൽ 20 ലക്ഷം രൂപയ്ക്ക് മുനിസിപ്പാലിറ്റി 80 സെന്റ് ഭൂമി വാങ്ങി. പക്ഷെ ഉടമാവകാശം മുനിസിപ്പാലിറ്റിക്കു ലഭിച്ചത് ഫെബ്രുവരി 2003-ൽ മാത്രമായിരുന്നു. 2003 മേയിൽ മുനിസിപ്പാലിറ്റി 3.34 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിൽ കെട്ടി. കെട്ടിടം പണി ആരംഭിച്ചിട്ടില്ല (2004 ആഗസ്റ്റ്). |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | 44.51 | 37.72 ലക്ഷം രൂപ വിലയ്ക്ക് 5.65 ഏക്കർ ഭൂമി 1998-2000-ൽ മുനിസിപ്പാലിറ്റി വാങ്ങി.2001-03-ൽ ചുറ്റുമതിൽ നിർമ്മാണത്തിന് 6.79 ലക്ഷം രൂപ ചെലവാക്കി. ഇന്നുവരെ മുനിസിപ്പാലിറ്റി മറ്റൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. |
| 5 | കായംകുളം മുനിസിപ്പാലിറ്റി | 11.06 | 2000-01-ൽ 11.06 ലക്ഷം രൂപ വിലയ്ക്ക് 82.75 സെന്റ് ഭൂമി മുനിസിപ്പാലിറ്റി വാങ്ങി. പ്ലോട്ടിലേക്കുള്ള പൊതുവഴി വീതികുറഞ്ഞതാണെന്നും വലിയ വാഹനങ്ങൾക്ക് അതിലൂടെ കടന്നുപോകാൻ സാദ്ധ്യമല്ലെന്നും റിപ്പോർട്ട് ലഭിച്ചു. നിർമ്മാണം ആരംഭിച്ചില്ല (2004 ഏപ്രിൽ). |
| 6 | കുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | 6.12 | 1997-98 മുതൽ 2002-03 വരെ ഗ്രാമപഞ്ചായത്ത് താഴെ പറയുന്ന ചെലവുകൾ നടത്തി. ഭൂമിയുടെ വില (3.08 ലക്ഷം രൂപ), ചുറ്റുമതിൽ (1.12 ലക്ഷം രൂപ), നിർമ്മാണത്തിന് അഡ്വാൻസ് (ഒരു ലക്ഷം രൂപ), എസ്റ്റിമേറ്റ് തയ്യാറാക്കൽ (0.02 ലക്ഷം രൂപ), കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നിക്ഷേപം (0.90 ലക്ഷം രൂപ). സൈറ്റ് ലെവൽ ചെയ്യുന്ന പണി പൂർത്തിയാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല (2004 ആഗസ്റ്റ്). |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 27.54 | കുണ്ടൂർ മലയിൽ 15 ഷെഡ്ഡുകൾ പണിയാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 27.54 ലക്ഷം രൂപ കൊടുത്തു. പക്ഷേ ഷെഡ്ഡുകൾ പണിയാനുള്ള സൈറ്റ് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയില്ല. കുണ്ടൂർ മലയിൽ ഷെഡ്ഡ് നിർമ്മിക്കാനുള്ള നിർദ്ദേശം ബ്ലോക്ക് പഞ്ചായത്ത് ഉപേക്ഷിച്ചുവെന്നും എരുവട്ടി അംശത്തിൽ ഷെഡ്ഡുകൾ പണിയാൻ തീരുമാനിച്ചുവെന്നും അറിയിച്ചു. പുതിയ പ്ലോട്ടിൽ അഞ്ച് ഷെഡ്ഡുകളുടെ പണി ആരംഭിച്ചുവെന്ന് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചു (2004 ജൂലൈ). |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | 3.38 | 1999-ൽ 3.38 ലക്ഷം രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് ഭൂമി വാങ്ങി. മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന പണി ആരംഭിക്കാനിരിക്കുന്നതേയുള്ളു (2004 സെപ്റ്റംബർ). |
| 9 | നാട്ടിക ഗ്രാമപഞ്ചായത്ത് | 3.25 | പട്ടികജാതി വിഭാഗത്തിലെ 50 അംഗങ്ങൾക്ക് ജോലി നൽകുന്നതിനു വേണ്ടി ആരംഭിച്ച ആറ് മുറികളുടെ പണി സ്ട്രക്ചർ ലെവൽ വരെയേ എത്തിയിട്ടുള്ളൂ. 3.25 ലക്ഷം രൂപ വാങ്ങിയശേഷം 2002 ഒക്ടോബറിൽ കൺവീനർമാർ ജോലി നിർത്തിവെച്ചു. |
| 10 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 31.63 | 1998-99-ൽ മുനിസിപ്പാലിറ്റി 87 സെന്റ് ഭൂമി വാങ്ങാൻ 13.02 ലക്ഷം രൂപ ചെലവഴിച്ചു. യൂണിറ്റുകളുടെ നിർമ്മാണത്തിന് 18 ലക്ഷം രൂപ സിഡ്കോയ്ക്ക് അഡ്വാൻസ് നൽകി. ഇലക്ട്രിസിറ്റി ലൈൻ നീട്ടാൻ വൈദ്യുതി ബോർഡിൽ 0.61 ലക്ഷം രൂപ നിക്ഷേപിച്ചു (1998-99). യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയായെന്ന് 2004 ജൂലൈയിൽ റിപ്പോർട്ട് ചെയ്തു. പക്ഷേ അവ വാടകയ്ക്ക് നൽകുന്നതിനെപ്പറ്റി ഒന്നും പറഞ്ഞില്ല. |
| 11 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്, തൃശൂർ ജില്ല | 19.28 | 1997-98 മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് 3.76 ലക്ഷം രൂപയ്ക്ക് 67 സെന്റ് ഭൂമി വാങ്ങി. വ്യവസായ എസ്റ്റേറ്റിന് ഇലക്ട്രിസിറ്റി സപ്ലൈ ലഭിക്കുന്നതിന് 1999 ജനുവരിയിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 3.92 ലക്ഷം രൂപ അടച്ചു. 23.21 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം നൽകി. 2000 മാർച്ചിൽ ജോലി ഗുണഭോക്തൃ കമ്മിറ്റിയെ ഏല്പിച്ചു. റൂഫ് ലെവൽ എത്തിയപ്പോൾ 2001 മാർച്ചിൽ കൺവീനർ ജോലി നിർത്തി. ചെലവായ തുക 11.60 ലക്ഷം രൂപ (2002 മാർച്ച്). |
| | ആകെ | 205.71 | |

അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 90.58 ലക്ഷം രൂപ ചെലവിൽ പണിത മിനി വ്യവസായ എസ്റ്റേറ്റുകൾ, താഴെ പറയുന്ന കാരണങ്ങളാൽ ഒഴിഞ്ഞു കിടന്നു. കാരണങ്ങൾ താഴെ വിവരിക്കുന്നു :

| *ക്രമ നമ്പർ* | *തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്* | *നിക്ഷേപം (രൂപ ലക്ഷത്തിൽ)* | *നിർവ്വഹണ ഘട്ടം* |
|---|---|---|---|
| 1 | മട്ടന്നൂർ മുനിസിപ്പാലിറ്റി | 32.40 | 2001 ജനുവരിയിൽ പ്രവൃത്തി തീർന്നു. പ്ലോട്ട് 18 പ്ലോട്ടുകളാക്കി ലേലത്തിനുവെച്ചു. ജൂലൈ 2004-ലും ഒരു പ്ലോട്ട് മാത്രമെ വാടകയ്ക്ക് കൊടുക്കാൻ കഴിഞ്ഞുള്ളൂ. |
| 2 | പുനലൂർ മുനിസിപ്പാലിറ്റി | 7.47 | കലയനാട്ട് രണ്ട് ചെറുകിട യൂണിറ്റുകളുടെ നിർമ്മാണത്തിന് 6.02 ലക്ഷം രൂപയും മണിയാറിൽ ഒരു യൂണിറ്റിന്റെ നിർമ്മാണത്തിന് 1.45 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ചെലവാക്കി. യഥാക്രമം 1999 മാർച്ചിലും 1999 ജൂലൈയിലും ആയിരുന്നു. ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തതിനാൽ മറ്റു യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല (2004 ആഗസ്റ്റ്) |
| 3 | കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത് | 5.80 | 2000 ജൂലൈയിൽ കെട്ടിടം പണി പൂർത്തിയായി. ഇതുവരെ ഒരു പ്ലോട്ടും അലോട്ട് ചെയ്യാൻ കഴിഞ്ഞില്ല (2004 ആഗസ്റ്റ്) |
| 4 | ഉാലം ഗ്രാമപഞ്ചായത്ത് | 19.50 | 1997-98-ൽ വാങ്ങിയ രണ്ട് ഏക്കർ ഭൂമിയിൽ 1.02 ഏക്കർ ഭൂമി മാത്രമേ അലോട്ട് ചെയ്തിട്ടുള്ളൂ (2004 ഡിസംബർ) |
| 5 | കൊല്ലം ജില്ലാ പഞ്ചായത്ത് | 25.41 | തലവൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയിൽ 10 ഷെഡ്ഡുകൾ പണിയാനായിരുന്നു സ്കീമിൽ വിഭാവനം ചെയ്തിരുന്നത്. 2004 ഫെബ്രുവരിയിൽ പണി പൂർത്തിയായി. 2004 ആഗസ്റ്റ് വരെ ഒരു യൂണിറ്റും ആരംഭിച്ചില്ല. |
| | ആകെ | 90.58 | |

2004 ജൂണിൽ ഇക്കാര്യം സർക്കാരിന് എഴുതി; മറുപടി കിട്ടിയിട്ടില്ല (2004 നവംബർ).

(C.&A.G.-യുടെ 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റിൽ നിന്ന് ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. ചാലക്കുടി നഗരസഭയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വിശദാംശം സമിതി ആരാഞ്ഞതിന് മിനി എസ്റ്റേറ്റിനുവേണ്ടി 1998-99 കാലയളവിൽ രണ്ട് ഏക്കർ സ്ഥലം വാങ്ങിയെന്നും 2007-ൽ 21 പേർക്കായി 5/10 സെന്റ് വീതം 99 വർഷത്തേക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണെന്നും സെന്റിന് 300 രൂപ മാസ വാടക നിശ്ചയിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്നും സെന്റൊന്നിന് 5,000 രൂപ വീതം ഡെപ്പോസിറ്റ് വാങ്ങിയ ഇനത്തിൽ മൊത്തം 8,80,000 രൂപ കിട്ടിയിട്ടുണ്ടെന്നും വാടകയിനത്തിൽ 34,000 രൂപ പ്രതിമാസം വരുമാനമുണ്ടെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. വസ്തു പാട്ടത്തിന് കൊടുക്കുന്നതായിട്ടാണ് പ്രോജക്ടെന്നും ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് പാട്ടത്തിനെടുത്തവരാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും മറ്റൊരു ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചാണ് പദ്ധതി നടപ്പാക്കിയതെങ്കിൽ ഡി.പി.സി. യുടെയോ സർക്കാരിന്റെയോ സാധൂകരണം വാങ്ങണമെന്നും പ്രോജക്ടിന്റെ മൊത്തം ചെലവും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവും ലഭിച്ച വരുമാനവും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

23. പയ്യന്നൂർ നഗരസഭയിൽ മിനി വ്യവസായ എസ്റ്റേറ്റിനുവേണ്ടി 8.90 ഏക്കർ സ്ഥലം വാർഷിക പദ്ധതിയിൽപ്പെടുത്തി പണം കൊടുത്ത് വാങ്ങിയതാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി നഗരസഭാ സെക്രട്ടറി അറിയിച്ചു. വസ്തു റവന്യൂ വകുപ്പിൽ നിന്നും കൈമാറികിട്ടിയതാണോ നഗരസഭ വിലകൊടുത്തു വാങ്ങിയതാണോ എന്ന സമിതിയുടെ ചോദ്യത്തിന് സെക്രട്ടറിക്ക് കൃത്യമായി മറുപടി പറയാൻ സാധിച്ചില്ല. ഏത് വ്യവസ്ഥ പ്രകാരമാണ് റവന്യൂ വകുപ്പ് സ്ഥലം കൈമാറ്റം ചെയ്തതെന്നും വസ്തുവിന് എന്തെങ്കിലും രേഖയുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, പരിശോധിച്ച് മറുപടി നൽകാമെന്ന് സെക്രട്ടറി അറിയിച്ചു. സമിതി യോഗങ്ങളെ സംബന്ധിച്ച നോട്ടീസ് കാലേകൂട്ടി നൽകുന്നത് ഫയൽ പഠിച്ച് സമിതിയിൽ ഉത്തരം നൽകുന്നതിനാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഈ വിഷയം സംബന്ധിച്ച് വിശദമായി മറുപടി ലഭ്യമാക്കണമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടു. വസ്തു അളന്ന് തിരിച്ച് അതിര് നിശ്ചയിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണെന്ന് സമിതി ഓർമ്മിപ്പിച്ചു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എന്തൊക്കെ വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു താൽക്കാലിക ഷെഡ് പണിത് പ്രതിമാസം 4,000 രൂപയ്ക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണെന്നും അവിടെ ഒരു കറിപൗഡർ യൂണിറ്റാണ് പ്രവർത്തിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു.

24. പയ്യന്നൂർ നഗരസഭയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് കോഴിക്കോട് റീജ്യണൽ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7-4-2010-ലെ 7285/എസി.3/09/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"1997-98-ലാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ച് കാണുന്നത്. ആയതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തത് 1993-98-ലാണ്. സർക്കാർവക മിച്ചഭൂമി വില കൊടുത്തു വാങ്ങുന്നതിനായി നഗരസഭ തഹസിൽദാർക്ക് അപേക്ഷ നൽകുകയും തഹസിൽദാർ ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് സ്ഥലം വാങ്ങാൻ തയ്യാറാണോയെന്ന് 1-8-1996-ലെ കത്തുപ്രകാരം നഗരസഭയോട് ആരായുകയും ചെയ്തു. 14-8-1998-ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ സന്നദ്ധത അറിയിക്കുകയും അതനുസരിച്ച് കോറോം വില്ലേജിലെ റ്റി.സി. നമ്പർ 14/1-ൽപ്പെട്ട 3.603 ഹെക്ടർ വരുന്ന മിച്ചഭൂമി സെന്റിന് 600 രൂപ പ്രകാരം നഗരസഭയ്ക്ക് അനുവദിക്കുന്നതിന് മൊത്തം 5.34 ലക്ഷം രൂപ അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ജി.ഒ.(എംഎസ്.)നമ്പർ 139/1980/ആർ.ഡി. തീയതി 13-4-1999 പ്രകാരം സ്ഥലം കൈമാറാൻ സർക്കാർ അനുവാദം നൽകി. തുടർന്ന് നഗരസഭ 5.34 ലക്ഷം രൂപ 31-7-1999-ന് വൗച്ചർ നമ്പർ 32/1999-2000 (പി) പ്രകാരം സബ്ട്രഷറിയിൽ അടവാക്കി. എന്നാൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തുന്ന അവസരത്തിൽ 10/2000 വരെ നഗരസഭയ്ക്ക് സ്ഥലം കൈമാറി ലഭിച്ച തിന്റെ രേഖകൾ ഇല്ലെന്ന് എ.ജി. കണ്ടെത്തുകയുണ്ടായി. ആയതിനുള്ള മറുപടി യായി കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തുകാണുന്നു. 1997-1998, 1998-1999, 1999-2000 വർഷത്തേക്കുള്ള എ.ജി. ഓഡിറ്റ് നടന്നത് 3-10-2000 മുതൽ 18-10-2000 വരെയുള്ള തീയതികളിലാണ് ഇതിനൊപ്പം 31-3-2001-ന് അവസാനിച്ച എ.ജി. ഓഡിറ്റിലും നഗരസഭ വൻതുക വിവിധ ഇനങ്ങളിൽ ചെലവഴിച്ചിട്ടും സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് ലഭിച്ചില്ലെന്നും ടൈറ്റിൽ ഡീഡ് ഇനിയും ലഭിക്കേണ്ടതുണ്ടെന്നും കെട്ടിട നിർമ്മാണത്തിന് നടപടി ആരംഭിച്ചിട്ടില്ലെന്നും പരാമർശിച്ചിട്ടുണ്ട്.

ഇതേ തുടർന്ന് സ്ഥലം അളന്നു തിട്ടപ്പെടുത്തി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കാൻ വർക്ക് സൂപ്രണ്ട് ശ്രീ. എ. കെ. സുരേന്ദ്രനെ മുനിസിപ്പൽ സെക്രട്ടറി ചുമതലപ്പെടുത്തിയതായി കാണുന്നു (ഫയൽ നമ്പർ ഇ2/10097/98). സ്ഥലം അളന്നു അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്നതിന് 3-12-2003-ൽ ജില്ലാ കളക്ടർക്ക് ഓർമ്മക്കുറിപ്പ് അയച്ചതായി രേഖ കാണുന്നു. അപ്രകാരം പിന്നീട് സ്ഥലം അളന്ന് തിട്ടപ്പെടുത്തി ലഭിക്കുകയുണ്ടായി. 3.603 ഹെക്ടർ സ്ഥലത്തിനാണ് വില അടവാക്കിയതെങ്കിലും അളന്നപ്പോൾ 3.3825 ഹെക്ടർ സ്ഥലം മാത്രമെയുള്ളൂവെന്ന് കണ്ടെത്തി. കുറവുവന്ന സ്ഥലത്തിന്റെ വില റിലീസ് ചെയ്തുതരണമെന്നും ടൈറ്റിൽ മാത്രമെയുള്ളൂവെന്ന് കണ്ടെത്തി. കുറവുവന്ന സ്ഥലത്തിന്റെ വില റിലീസ് ചെയ്തുതരണമെന്നും ടൈറ്റിൽ ഡീഡ് തയ്യാറായിട്ടുണ്ടെന്ന് നേരത്തെ അറിയിച്ചത് അനുവദിച്ചുതരണമെന്നും കാണിച്ച് 15-3-2006-ൽ ഇ2/6636/99-ാം നമ്പർ കത്തുപ്രകാരം ജില്ലാ കളക്ടർക്ക് എഴുതിയതായും മറ്റൊരു ഫയലിൽ രേഖ കാണുന്നു. എന്നാൽ ഇതുമായി

ബന്ധപ്പെട്ട ഇ2/6636/99, ഇ2/1324/06 എന്നീ ഫയലുകൾ ലഭിക്കുകയുണ്ടായില്ല. സർവ്വെ സ്കെച്ച് തയ്യാറായിട്ടുണ്ടെന്ന് കാണിച്ചുകൊണ്ട് അഡീഷണൽ തഹസിൽദാർ 24-5-2004-ൽ 5123/04/കെ2 പ്രകാരം അയച്ച കത്തും കാണുകയുണ്ടായി.

താഴെപ്പറയുന്ന പ്രകാരമുള്ള ചെലവുകൾ ഈ കാര്യത്തിൽ വന്നിട്ടുള്ളതായി കാണുന്നു :

| | |
|---|---|
| 31-7-1999-ൽ സ്ഥലത്തിന് അടവാക്കിയത് | .. 5,34,000.00 |
| 27-8-2001-ൽ അതിർത്തി നിർണ്ണയത്തിനായി അടവാക്കിയ തുക | .. 800.00 |
| 31-3-2001-ന് അപ്രോച്ച് റോഡ് നിർമ്മാണത്തിന് കരാറുകാരന് നൽകിയ തുക | .. 9,70,261.00 |
| വൈദ്യുതി കണക്ഷനുവേണ്ടി കെ.എസ്.ഇ.ബി.യിൽ ഡപ്പോസിറ്റ് ചെയ്തത് (31-3-2000-ൽ 4,55,700 രൂപയും 8-9-2004-ൽ 63,260 രൂപയും) | .. 5,18,960.00 |
| 26-3-2004-ൽ സർവ്വെ സ്കെച്ചിനായി അടവാക്കിയത് | .. 110.00 |
| കെട്ടിടം, ചുറ്റുവേലി, കംഫർട്ട് സ്റ്റേഷൻ, പമ്പ് ഹൗസ്, പമ്പ്, കുഴൽ കിണർ, കോമ്പൗണ്ട് ഗേറ്റ് എന്നിവ നിർമ്മിച്ചതിന് 28-10-2006-ൽ കരാറുകാരന് നൽകിയത് | .. 10,42,109.00 |
| ആകെ | .. 30,66,240.00 |

മുകളിൽ പറഞ്ഞ എല്ലാ പ്രവൃത്തികളും കഴിഞ്ഞിട്ടുള്ളതാണ്. സ്ഥല പരിശോധനയിൽ എല്ലാ പ്രവൃത്തികളും നടന്നതായി ബോധ്യപ്പെട്ടു. ഫെൻസിംഗ്, കെട്ടിട നിർമ്മാണം, കംഫർട്ട് സ്റ്റേഷൻ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, പമ്പ് സ്ഥാപിക്കൽ, കുഴൽ കിണർ നിർമ്മാണം, കോമ്പൗണ്ട് ഗേറ്റ് നിർമ്മാണം എന്നിവയെല്ലാം പൂർത്തിയായിട്ടുണ്ട്. കൂടാതെ കെട്ടിടം ഉപയോഗിച്ചുവരുന്നുണ്ട്. ലീസിന് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ ഉണ്ടാക്കുകയും കെട്ടിടവും സ്ഥലത്തിൽ കുറച്ച് ഭാഗവും ലീസിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം എയിംസ് പ്ലാസ്റ്റിക്സ് എന്ന സ്ഥാപനം നടത്തുന്നതിന് ശ്രീ. ഇ. ശശി എന്നയാൾക്ക് 4 ആർ സ്ഥലവും വ്യവസായ യൂണിറ്റ് നടത്തുന്നതിന് ശ്രീ. സനീഷ് ജെയിംസ് എന്നയാൾക്ക് കെട്ടിടവും 30 വർഷത്തേക്ക് ലീസിന് നൽകിയിട്ടുണ്ട്. കെട്ടിടത്തിന് 25,000 രൂപ ഡെപ്പോസിറ്റുണ്ട്. കൂടാതെ 10 ആർ സ്ഥലം ശ്രീ. കെ. വി. ഗോപിക്ക് നൽകാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ നഗരസഭയുമായി എഗ്രിമെന്റ് വച്ചിട്ടില്ല. മറ്റുള്ളവയൊക്കെ എഗ്രിമെന്റ് വയ്ക്കുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എയിംസ് പ്ലാസ്റ്റിക്സ് എന്ന സ്ഥാപനം ഇപ്പോൾ പ്രവൃത്തിക്കുന്നില്ല. ടി സ്ഥാപനത്തിന്റെ ഷെഡ്ഡിനു വെളിയിൽ പ്ലാസ്റ്റിക് പേപ്പറുകൾ കൂട്ടിയിരുന്നതായും ആയതിന് തീപിടിച്ചതിന്റെ ഫലമായി ടി സ്ഥാപനത്തിന് നഗരസഭ വക ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടത്തിന്റെ കേടുപാടുകൾ സംഭവിച്ചതായും

കാണുന്നു. കെട്ടിടത്തിന്റെ ഒരു ഭാഗത്തെ ഭിത്തി പ്ലാസ്റ്റർ ചെയ്തതും ടി ഭാഗത്തുള്ള ജനലും ഭിത്തിയും കത്തി നശിച്ചിട്ടുണ്ട് ഇത് നന്നാക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിച്ചാണ് സ്ഥലം ലീസിന് നൽകാൻ തീരുമാനിച്ചത്. എന്നാൽ ആർക്കും ആയതിന് ക്വട്ടേഷൻ നൽകാത്തതിനാൽ ഓഫർ സ്വീകരിച്ച് കൗൺസിൽ തീരുമാനപ്രകാരമാണ് സ്ഥലം അനുവദിച്ചു വരുന്നത്.

ഓഡിറ്റ് പരാമർശത്തിൽ വന്നിട്ടുള്ള അപാകതകൾ ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. സ്ഥലം അളന്ന് തിട്ടപ്പെടുത്തി നിർണ്ണയിച്ച് വാങ്ങി. കെട്ടിട നിർമ്മാണവും മറ്റ് നിർമ്മാണങ്ങളും വൈദ്യുതി ബന്ധവും എല്ലാം ആയിട്ടുണ്ട്. കോറോം വില്ലേജ് ഓഫീസറിൽ നിന്ന് 23-1-2010-ൽ (പരിശോധനാ ദിവസം) ഒരു പൊസഷൻ സർട്ടിഫിക്കറ്റ് വാങ്ങിവച്ചിട്ടുണ്ട്. കൂടാതെ ടി ദിവസം തന്നെ 2,706 രൂപ ഭൂനികുതി അടവാക്കിയിട്ടുണ്ട്. 2 കാര്യങ്ങൾ മാത്രമേ ചെയ്യേണ്ടതായുള്ളൂ.

(1) റവന്യൂ വകുപ്പിൽ നിന്നും പട്ടയം വാങ്ങി സൂക്ഷിക്കുക.

(2) കുറവു വന്ന 0.2202 ഹെക്ടർ സ്ഥലത്തിന്റെ വില കൂടുതലായി അടവാക്കിയത് തിരികെ ലഭ്യമാക്കുക.

5-11-2004-ൽ കെ.1/23690/04 നമ്പർ ആയി തളിപ്പറമ്പ് തഹസിൽദാർ ഒരു പൊസഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നതായി കാണുന്നു. ആയതിന്റെ ഒറിജിനൽ ലഭ്യമായില്ല. ഫോട്ടോ പകർപ്പാണ് മറ്റൊരു ഫയലിൽ നിന്നും ലഭിച്ചിട്ടുള്ളത്. ടി സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള സ്ഥലം 3.603 ഹെക്ടർ തന്നെയാണ്. ഇക്കാര്യത്തിൽ കൃത്യത ഉറപ്പ് വരുത്തുന്നതിന് സർവ്വേ സ്കെച്ചും ലഭിച്ചില്ല. ആയത് പരിശോധനയ്ക്ക് ലഭിക്കാതെ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതാണെന്ന് കരുതുന്നു. ആയതിനാൽ ഇക്കാര്യത്തിലും കൃത്യത ഉറപ്പു വരുത്തേണ്ടതാണ്".

25. കൊടുങ്ങല്ലൂർ നഗരസഭയിലെ മിനി വ്യവസായ യൂണിറ്റിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് ഹൗസിംഗ് ബോർഡിൽ നിന്ന് 80 സെന്റ് സ്ഥലം 20 ലക്ഷം രൂപയ്ക്ക് വാങ്ങിയെന്നും 20 യൂണിറ്റുകൾ തുടങ്ങാനാണുദ്ദേശിച്ചിരുന്നതെങ്കിലും ഒരു പേപ്പർ ബാഗ് യൂണിറ്റും ഒരു നാളികേരാധിഷ്ഠിത യൂണിറ്റും മാത്രമാണ് പ്രവർത്തിക്കുന്നതെന്നും പുതിയ യൂണിറ്റുകൾ ഒന്നും വരാത്തതിനാൽ ബാക്കി സ്ഥലത്ത് 20,76,000 രൂപയ്ക്ക് ഒരു പ്രീമെട്രിക് ഹോസ്റ്റലും 3 ലക്ഷം രൂപയ്ക്ക് അംഗനവാടിയും 4,45,000 രൂപയ്ക്ക് മൃഗാശുപത്രിയും നിർമ്മിച്ച് പ്രവർത്തന മാരംഭിച്ചിരിക്കുകയാണെന്നും നഗരസഭാ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രോജക്ട് മാറ്റിയതിന് സർക്കാരിന്റെ അംഗീകാരമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കൗൺസിൽ തീരുമാനമുണ്ടെന്നും പ്രീമെട്രിക് ഹോസ്റ്റലിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. മറ്റു പ്രോജക്ടുകൾക്ക് സർക്കാരിൽ നിന്നും സാധൂകരണം നേടുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

26. സമിതിയുടെ നിർദ്ദേശാനുസരണം 7-4-2010-ലെ 7285/എ.സി.3/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"12-1-2010-ന് ഇരിങ്ങാലക്കുട നഗരസഭയിലെ ബഹു. ചെയർമാനും സെക്രട്ടറിയും ഉൾപ്പെടുന്ന കോടതി അലക്ഷ്യക്കേസിൽ ബഹു. ചെയർമാനോടൊപ്പം സത്യവാങ്മൂലം നൽകുന്നതിന് ഹാജരാകേണ്ടി വന്നതിനാലാണ് തിരുവനന്തപുരത്തു നടന്ന തെളിവെടുപ്പിൽ ഹാജരാകാൻ കഴിയാതെവന്നതെന്നും ടിയാനേക്കാൾ കൂടുതൽ ഈ വിഷയം സംബന്ധിച്ച് വിശദീകരിക്കുവാൻ റവന്യൂ ഇൻസ്പെക്ടർക്ക് കഴിയും എന്ന ബോദ്ധ്യത്തിലാണ് അപ്രകാരം ചെയ്തതെന്നും അറിയിച്ചിരിക്കുന്നു.

വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് വസ്തു വാങ്ങിയത് സംബന്ധിച്ച് ക്രമക്കേട് നടന്നിട്ടുണ്ടെന്നും ആയത് outside agency-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുള്ള പരാമർശപ്രകാരം വിജിലൻസ് അന്വേഷണം കഴിഞ്ഞ രണ്ടരവർഷമായി തുടർന്നുവരുന്നതും ആയത് പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത സ്ഥലം 24-4-08-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ല എന്ന് തീരുമാനിക്കുകയും പ്രസ്തുത സ്ഥലം ജനകീയാസൂത്രണം 2008-09, 2009-10 ബഹുവർഷ പ്രോജക്ടിലുൾപ്പെടുത്തി ചേരിയിൽ താമസിക്കുന്ന പട്ടികജാതി വനിത ഗൃഹനായികയായിട്ടുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കാനും വൃദ്ധർക്ക് പകരം വീട് നിർമ്മിക്കുന്നതിന് വേണ്ടി തീരുമാനിക്കുകയും ആയത് പ്രകാരം പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു".

27. കായംകുളം നഗരസഭയിലെ മിനി വ്യവസായ യൂണിറ്റിന്റെ അവസ്ഥ സമിതി ആരാഞ്ഞതിന് ആകെ 77.5 സെന്റ് വസ്തു ഉണ്ടെന്നും അത് വ്യവസായികൾക്ക് ലേലം ചെയ്ത് കൊടുത്തെന്നും അതിൽ കെട്ടിടം നിർമ്മിച്ച് കഴിഞ്ഞെന്നും പ്രതിമാസം 11,340 രൂപ വാടക കിട്ടുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. എസ്റ്റേറ്റിലേക്കുള്ള വഴിക്ക് മൂന്ന് മീറ്റർ വീതിയുണ്ടെങ്കിലും എതിരെ വരുന്ന വാഹനങ്ങൾക്ക് തടസ്സമുണ്ടാകുന്ന പ്രശ്നമുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

28. കുശർക്കോട് എന്ന സ്ഥലത്താണ് വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നതെന്നും ഇപ്പോൾ പതിനഞ്ച് യൂണിറ്റുകളുണ്ടെന്നും 1998-99-ലെ പദ്ധതി പ്രകാരം 13.02 ലക്ഷം രൂപയ്ക്ക് 87 സെന്റ് സ്ഥലമാണ് വാങ്ങിയതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി നെടുമങ്ങാട് നഗരസഭാ സെക്രട്ടറി അറിയിച്ചു. 35 ലക്ഷം രൂപയായിരുന്നു പ്രോജക്ട് ചെലവെന്നും പിന്നീട് സർക്കാരിന്റെ അനുമതിയോടെ പുതുക്കി 37,15,932 രൂപ നിർമ്മാണത്തിനും സ്ഥലവിലയായി 13,02,000 രൂപയും ചെലവഴിച്ചുവെന്നും യൂണിറ്റുകൾ എല്ലാം പല ആളുകളുടെ കൈവശമാണെന്നും ഓരോരുത്തരോടും പ്രത്യേകം എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും പ്രതിമാസം 3,000 രൂപാ വച്ച് 36,000 രൂപാ വരുമാനമുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

29. സമിതി നിർദ്ദേശപ്രകാരം 7-4-10-ലെ 7285/എ.സി3/09/ത.സ്വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"നെടുമങ്ങാട് നഗരസഭ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കുശർക്കോട് എന്ന സ്ഥലത്ത് ആരംഭിക്കുന്നതിന് 13,20,000 രൂപ വിനിയോഗിച്ച് 87 സെന്റ് സ്ഥലം വാങ്ങിക്കുകയും 1998-99 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 17,15,932 രൂപ

മുതൽമുടക്കി 15 യൂണിറ്റുകൾ അടങ്ങിയ കെട്ടിടം നിർമ്മിക്കുകയും വ്യാവസായിക ആവശ്യത്തിനുള്ള ഇലക്ട്രിക് ലൈനുകൾ, ട്രാൻസ്ഫോർമർ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പണികൾ 2003-ൽ പൂർത്തിയാക്കി ലേലനടപടികൾ ആരംഭിച്ചുവെങ്കിലും വളരെ പിന്നോക്കാവസ്ഥയിൽ സ്ഥിതിചെയ്തിരുന്ന സ്ഥലമായതിനാൽ ആദ്യകാലങ്ങളിൽ പ്രസ്തുത യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ആരുംതന്നെ തയ്യാറാവാതെയിരുന്നെങ്കിലും നഗരസഭയുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായി 2007-08 സാമ്പത്തിക വർഷത്തോടുകൂടി പല ഘട്ടങ്ങളിലായി മുഴുവൻ യൂണിറ്റുകളും പ്രതിമാസ വാടകയിനത്തിൽ വിവിധ വ്യവസായ യൂണിറ്റുകൾ നടത്തുന്നതിന് നൽകിയിട്ടുള്ളതാകുന്നു. പ്രസ്തുത യൂണിറ്റുകളിൽ നിന്നും പ്രതിവർഷം 39,000 രൂപയോളം നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിച്ചുവരുന്നുണ്ടെന്നുള്ള വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു".

30. ആതിരപ്പള്ളി/നാട്ടിക ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിനെ സംബന്ധിച്ചുള്ള വിശദാംശം സമിതി ആരാഞ്ഞതിന് ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനം ഇതുവരെ തുടങ്ങാത്തതിനാൽ ചെലവൊന്നുമായിട്ടില്ലെന്ന് ഗ്രാമവികസന അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

31. നാട്ടികയിൽ പട്ടികജാതി വികസന ഫണ്ടുപയോഗിച്ചാണ് മിനി വ്യവസായ യൂണിറ്റ് തുടങ്ങിയതെന്നും ഗ്രാമവികസന അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ മറുപടി പറഞ്ഞു. നാട്ടികയിൽ 3.25 ലക്ഷം രൂപ കൈപ്പറ്റിയതിനുശേഷം 2002 ഒക്ടോബറിൽ കൺവീനർ ജോലി നിർത്തിവച്ചതിന് ശേഷമുള്ള സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചെന്നും അഞ്ച് മുറികളും ഒരു കോണിമുറിയും പണി തീർത്തെന്നും അതിൽ 5 മുറികൾ പട്ടികജാതിയിൽപ്പെട്ടവർക്ക് തന്നെ വാടകയ്ക്ക് കൊടുത്തുവെന്നും അവിടെ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കമ്മീഷണർ തുടർന്ന് അറിയിച്ചു.

32. കുന്നിന്മേൽ പഞ്ചായത്തിൽ സർക്കാർ ഒരു ഐ.ടി.ഐ. അനുവദിച്ചപ്പോൾ മറ്റു സൗകര്യപ്രദമായ സ്ഥലം ഐ.ടി.ഐ.-യ്ക്കും കണ്ടെത്താൻ കഴിയാഞ്ഞതിനാൽ വ്യവസായ എസ്റ്റേറ്റിന് വേണ്ടി പണിതീർത്ത കെട്ടിടത്തിൽ പഞ്ചായത്തിന്റെ തീരുമാന പ്രകാരം ഐ.ടി.ഐ. പ്രവർത്തനമാരംഭിച്ചെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു. 2008-2009 സാമ്പത്തിക വർഷം ഐ.ടി.ഐ.-യ്ക്ക് വേണ്ടി സ്ഥലംവാങ്ങാൻ പ്രോജക്ട് വച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മിനി വ്യവസായ എസ്റ്റേറ്റിനുവേണ്ടി പ്രോജക്ട് നടപ്പാക്കിയാൽ പിന്നീട് ആ സൗകര്യങ്ങൾ മറ്റൊരു കാര്യത്തിനായി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ഐ.ടി.ഐ.-യ്ക്കായി സ്ഥലം വാങ്ങുന്നമുറയ്ക്ക് വ്യവസായങ്ങൾ തുടങ്ങുന്നതിനായി പ്രസ്തുത കെട്ടിടം ഒഴിയുമെന്ന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

33. തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുവാൻ ഗ്രാമവികസന കമ്മീഷണർ അനുവാദം നൽകാത്തതിനാൽ പിണറായി പഞ്ചായത്തിൽ നിന്നും ലഭിച്ച 61 സെന്റ് സ്ഥലത്ത് ആറ് ഷെഡ്ഡുകൾ നിർമ്മിച്ചു വെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പതിനഞ്ച് ഷെഡ്ഡുകൾ നിർമ്മിക്കുവാനാണ്

പ്രോജക്ട് എങ്കിലും സ്ഥലപരിമിതി കാരണം ആറെണ്ണത്തിൽ ഒതുക്കുകയായിരുന്നുവെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. 27.54 ലക്ഷം രൂപയിൽ 13.54 ലക്ഷം മാത്രമേ നിർമ്മിതി കേന്ദ്രം നിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളൂവെന്നും ബാക്കി തുക അടിസ്ഥാന സൗകര്യങ്ങൾക്കായി ചെലവഴിക്കുകയായിരുന്നുവെന്നും സെക്രട്ടറി അറിയിച്ചു. യൂണിറ്റുകൾ എല്ലാം വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും അപേക്ഷ ക്ഷണിച്ച് ബ്ലോക്ക് പഞ്ചായത്ത് തന്നെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും സെക്രട്ടറി ധരിപ്പിച്ചു.

34. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുവേണ്ടി 15 ഷെഡ്ഡുകൾ പണിയുന്നതിനുള്ള പദ്ധതിയിൽ മാറ്റംവരുത്തി ആറു ഷെഡ്ഡുകൾ മാത്രമായി പരിമിതപ്പെടുത്തിയതിന് പഞ്ചായത്ത് സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ, ഇപ്രകാരം പദ്ധതിയിൽ മാറ്റം വരുത്തിയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ടോ, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമാത്രം 14 ലക്ഷം രൂപ ചെലവാക്കിയതിന്റെ സാംഗത്യമെന്താണ്, ഇപ്രകാരം ചെലവു ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

35. സമിതിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 19-5-2011-ലെ 6017/എ.സി.3/11/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ കുണ്ടൂർ മലയിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് കോമ്പൗണ്ടിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. അതുപ്രകാരം നിർമ്മിക്കാനുദ്ദേശിച്ചിരുന്ന 15 വർക്ക് ഷെഡ്ഡുകളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജില്ലാതല സാങ്കേതിക സമിതിയിൽനിന്ന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും 30-6-1998-ലെ 24/97-98-ാം നമ്പർ പ്രകാരം എഗ്രിമെന്റ് വെച്ച് അന്നേ തീയതിയിൽ നീക്കിവെച്ച തുകയായ 14,54,740 രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. അതിനിടെ ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ആസ്തികളിൽ അനുമതി കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലെന്നുള്ള കമ്മീഷണറുടെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഷെഡ്ഡ് നിർമ്മാണം നടത്താൻ പറ്റാതെവന്നു. 35/98-99 പ്രോജക്ട് പ്രകാരം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന സ്ഥലം അധികമായി വാങ്ങിച്ച് വിസ്തൃതപ്പെടുത്തി കൂടുതൽ വർക്ക്ഷെഡ്ഡുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കുണ്ടൂർ മലയിൽ സ്ഥലം കണ്ടെത്താനായി 13,00,000 രൂപ പദ്ധതി വിഹിതമായി വകയിരുത്തുകയും ചെയ്തു. അതിനിടെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പിണറായി ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 61 സെന്റ് സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മിക്കുന്നതിലേക്കായി 4-2-2004-ലെ സർക്കാർ അനുമതിയോടുകൂടി ബ്ലോക്ക് പഞ്ചായത്തിന് സൗജന്യമായി നൽകുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് സ്ഥലപരിമിതിമൂലം 76 മീറ്റർ സ്ക്വയർ വിസ്തീർണ്ണമുള്ള 6 വർക്ക്ഷെഡ്ഡുകൾ മാത്രമേ നിർമ്മിക്കുവാൻ സാധിച്ചുള്ളൂ. പിന്നീട് സമീപത്ത് അധികംസ്ഥലം വാങ്ങിക്കാമെന്ന് തീരുമാനിച്ചെങ്കിലും വകയിരുത്തിയ തുകയായ 13,00,000 രൂപ കൂടി നിർമ്മിതി കേന്ദ്രത്തിൽ 31-3-1999-ന്

ഡെപ്പോസിറ്റ് ചെയ്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ തീരുമാനിച്ചു. ഭരണാനുമതി പ്രകാരമുള്ള തുകയാണ് നിർമ്മിതി കേന്ദ്രത്തിൽ ഡെപ്പോസിറ്റ് ചെയ്തത്. ലഭ്യമായ ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ 8-2-2005-ാം തീയതിയിലെ 70/05-ാം നമ്പർ തീരുമാനപ്രകാരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ 2005 മേയ് മാസത്തിൽ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തു.

| | | | |
|---|---|---|---|
| (1) | കിണർ നിർമ്മാണം | .. | 96,000 |
| (2) | വാട്ടർ ടാങ്ക് നിർമ്മാണം | .. | 1,56,000 |
| (3) | പമ്പ് ഹൗസ്, മോട്ടോർ ജലവിതരണോപാധികൾ | .. | 59,000 |
| (4) | വാച്ച്മാൻ ക്യാബിൻ | .. | 48,000 |
| (5) | ട്രാൻസ്ഫോർമർ | .. | 5,00,000 |
| (6) | ടോയ്ലെറ്റ് | .. | 82,000 |
| (7) | ചുറ്റുമതിൽ | .. | 1,70,000 |
| (8) | സംരക്ഷണഭിത്തി | .. | 60,000 |
| (9) | റോഡ് | .. | 1,59,000 |
| | ആകെ | .. | 13,30,000 |

പ്രവൃത്തിയിലുണ്ടാവുന്ന മാറ്റങ്ങൾ രേഖാമൂലമറിയിച്ചാൽ ചെയ്യാമെന്ന് എഗ്രിമെന്റിൽ പ്രതിപാദിച്ചിരുന്നതിനാലും ഭരണാനുമതി തുകയിൽ അധികരിക്കാത്ത തിനാലും പുതിയ പ്രവൃത്തിക്കുവേണ്ടി വീണ്ടും എഗ്രിമെന്റ് വച്ചിരുന്നില്ല. വർക്ക് ഷെഡ്യൂകളുടെ അനുബന്ധ പ്രവൃത്തികൾ 2007 നവംബറിൽ പൂർത്തീകരിച്ചു. അടിസ്ഥാന സൗകര്യങ്ങളിൽ പ്രഥമ സ്ഥാനമുള്ള വെള്ളം, വെളിച്ചം എന്നിവയ്ക്ക് വേണ്ടിയാണ് കാര്യമായി പണം ചെലവായത്. കാരണം ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ജലലഭ്യതയ്ക്കുവേണ്ടി പരമാവധി ആഴത്തിൽ കിണർ കുഴിക്കേണ്ടിവന്നു. അതും വെട്ടുകല്ല് താഴോട്ട് വെട്ടിയിറക്കിയാണ് കിണർ പണിതത്. കൂടാതെ ഇലക്ട്രിസിറ്റി, ചുറ്റുമതിൽ എന്നിവ അത്യന്താപേക്ഷിതമായതിനാലാണ് അടിസ്ഥാന സൗകര്യത്തിനുവേണ്ടി 14 ലക്ഷം രൂപ ചെലവായത്. എല്ലാത്തരത്തിലും വ്യവസായികളെ ആകർഷിക്കുംവിധമായിരുന്നു വ്യവസായ എസ്റ്റേറ്റ് രൂപകല്പന ചെയ്തത്. കേവലം പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിയാണ് ഈ സംരംഭം ഇത്രയും തുക ചെലവാക്കിക്കൊണ്ടുവന്നത്. ആയതിന്റെ നടത്തിപ്പിൽ ഏതെങ്കിലും തെറ്റ് വന്നിട്ടുണ്ടെങ്കിൽ ആയത് മനഃപൂർവ്വമല്ലെന്നും ബോധിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുണ്ടായ ചെലവുകൾക്കൊന്നും അനുമതി തേടാൻ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിനെ സമീപിച്ചിട്ടില്ലെന്നും അറിയിക്കുന്നു".

36. മിനി വ്യവസായ യൂണിറ്റിന്റെ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് 28-2-2009-ന് ഉദ്ഘാടനം നടത്തിയശേഷം വ്യവസായ സംരംഭങ്ങൾക്ക് കൊടുത്തിരിക്കുക യാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 2005-ലും 2006-ലും രണ്ട് പ്രോജക്ടിലായിട്ടാണ് പണി പൂർത്തീകരിച്ചതെന്നും 10.72 ലക്ഷം രൂപയാണ് ആദ്യത്തെ കൺവീനർക്ക് നൽകിയതെന്നും അഡ്വാൻസ് നൽകിയ 87,000 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

37. മട്ടന്നൂർ നഗരസഭയിലെ വ്യവസായ യൂണിറ്റിന്റെ വിശദാംശം സമിതി ചോദിച്ചതിന് മൊത്തം 3.5 ഏക്കർ സ്ഥലമുണ്ടെന്നും അത് 18 പ്ലോട്ടായി തിരിച്ചിരിക്കുക യാണെന്നും ഒരു കൊപ്ര ഡ്രയർ യൂണിറ്റും രണ്ട് ഹോളോബ്രിക്സ് യൂണിറ്റുകളും ഒരു ബൈൻഡിംഗ് യൂണിറ്റുമടക്കം നാലെണ്ണം തുടങ്ങിയിട്ടുണ്ടെന്നും 11 വർഷത്തേക്കാണ് പാട്ടത്തിന് കൊടുത്തിരിക്കുന്നതെന്നും സെന്റിന് വാർഷിക വാടക 600 രൂപ യാണെന്നും സെക്രട്ടറി അറിയിച്ചു. പ്ലോട്ടുകളെല്ലാം വ്യത്യസ്ത അളവുകളിലുള്ള താണെന്നും 1 ഏക്കർ 11 സെന്റ് സ്ഥലം ഇതുവരെ കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. വ്യവസായ യൂണിറ്റിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

38. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7-4-2010-ലെ 7285/എ.സി.3/09/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"മട്ടന്നൂർ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതിന് സംരംഭകർ താല്പര്യപ്പെട്ട് മുന്നോട്ടു വരികയാണെന്നും കൂടാതെ നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളം സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുനിന്നും ഉദ്ദേശം 4 കി. മീ. അകലെയാണ് നഗരസഭയുടെ മിനി വ്യവസായ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് എന്നതുകൊണ്ട് പ്രസ്തുത സ്ഥലത്തിന്റെ മൂല്യം പതിന്മടങ്ങ് വർദ്ധിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ആകെ 18 പ്ലോട്ടുകൾ ഉണ്ടായിരുന്നതിൽ 4 പ്ലോട്ടുകൾ മാത്രമേ വാടകയ്ക്ക് കൊടുത്തിട്ടുള്ളൂവെന്നും 14 പ്ലോട്ടുകൾ ശേഷിക്കുന്നുവെന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു".

39. പുനലൂർ നഗരസഭയിലെ വ്യവസായ യൂണിറ്റുകളുടെ പണി പൂർത്തീകരിച്ചിട്ടു ണ്ടെന്നും ആകെ 7,47,000 രൂപ ചെലവായിട്ടുണ്ടെങ്കിലും അതിനനുസരിച്ച് വരവ് ഇല്ലെന്നും പുനലൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. കലയനാട് രണ്ട് മുറികളുടെ പണി പൂർത്തിയായെങ്കിലും വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്നില്ലെന്നും വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും സെക്രട്ടറി വിശദീകരിച്ചു. പ്രോജക്ട് തയ്യാറാക്കുമ്പോൾ അത് എത്രത്തോളം വയബിളാണെന്ന് നോക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

40. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 7-4-2010-ലെ 7285/എ.സി.3/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"പുനലൂർ നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം ചെറുകിട വ്യവസായ സംരംഭത്തെ ലക്ഷ്യമാക്കിയാണ് കലയനാട്, മണിയാർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് രൂപംകൊടുത്തതും നിർമ്മാണം നടത്തിയതും. കലയനാടിനുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മുറികൾ രണ്ടും വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്.

മണിയാറിൽ നിർമ്മിച്ച ഒരു മുറിയുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ആവശ്യക്കാർ ആരുംതന്നെ നഗരസഭയെ സമീപിച്ചിട്ടില്ലാത്തതാണ്. ആയതിനാലാണ് ഇലക്ട്രിക് കണക്ഷൻ എടുക്കാൻ നഗരസഭയുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളത്. ഭീമമായ കറണ്ട് ചാർജ്ജ് ഒഴിവാക്കുക എന്ന ലക്ഷ്യംകൂടി നഗരസഭയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളതാണ്. ടി വിഷയം മുനിസിപ്പൽ കൗൺസിലിന്റെ സജീവ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കറണ്ട് കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്".

41. കല്ലറ ഗ്രാമപഞ്ചായത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടത്തിന് ഇതുവരെ വൈദ്യുതി ലഭിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

42. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-7-2010-ലെ 23793/എ.സി.3/10/ ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 1997-98 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ട് ആയിരുന്നു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്. 1997-98 സാമ്പത്തിക വർഷത്തിൽ 2,20,042 രൂപ മുടക്കി 3-ാം വാർഡിൽ 55 ¾ സെന്റ് സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാങ്ങിക്കുകയും, 1998-99 സാമ്പത്തിക വർഷം 1,59,577 രൂപ മുടക്കി 1593 എം2 സ്ഥലം മണ്ണിട്ട് നികത്തുകയും, 1998-99 സാമ്പത്തിക വർഷത്തിൽ 2,00,000 ലക്ഷം രൂപ ചെലവഴിച്ച് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. കെട്ടിടം പണി പൂർത്തീകരിച്ച് കെട്ടിട ഉദ്ഘാടനം 10-8-2000-ൽ നടത്തിയതായിട്ട് അന്വേഷണത്തിൽ നിന്നും മനസ്സിലായി. കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനവും ടി കെട്ടിടത്തിൽ നടക്കുന്നില്ല. വ്യവസായ സംരംഭകർ ആരുംതന്നെ തയ്യാറാകുന്നില്ലെന്നുള്ളതാണ് കാരണം. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം നടപ്പിലാക്കുന്ന ഉദ്ദേശ്യത്തോടുകൂടി 2003-04 സാമ്പത്തിക വർഷത്തിൽ സോപ്പ് നിർമ്മാണ യൂണിറ്റിന് പ്ലാൻ ഫണ്ടിൽ നിന്നും 77,182 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും സംരംഭകർ ആരും തയ്യാറാകാതിരുന്നതിനാൽ ടി പ്രോജക്ട് നടപ്പിലാക്കി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾക്ക് മൈക്രോ സംരംഭങ്ങളായ അരിപ്പൊടി നിർമ്മാണം, നാടൻ കുത്തരി നിർമ്മാണം, അവൽ, അച്ചാർ തുടങ്ങിയവ വിജയകരമായി നടത്തിക്കൊണ്ടുപോകുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടം അനുവദിച്ച് നൽകണമെന്ന് സി.ഡി.എസ്. പ്രസിഡന്റ് പഞ്ചായത്ത് കമ്മിറ്റിക്ക് 5-2-2009-ൽ

അപേക്ഷ നൽകിയിരുന്നു. ഈ അപേക്ഷ പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും, 2009-10-ലെ ജനകീയാസൂത്രണ പദ്ധതിയുടെ ഫണ്ടിൽ 3,95,600 രൂപ വകയിരുത്തി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തു. അനുബന്ധ പ്രവർത്തനങ്ങൾ എന്നതിനുപകരം, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലത്ത് പുതിയ കെട്ടിടം എന്നാണ് പ്രോജക്ടിൽ കാണിച്ചിരുന്നത്.

20-1-2010-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(3)-ാം നമ്പർ തീരുമാന പ്രകാരം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പകരം അടങ്കൽ തുകയിൽ മാറ്റം ഇല്ലാതെ നിലവിലുള്ള കെട്ടിടം പുതുക്കി പണിയുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകരിച്ച് തീരുമാനിക്കുകയും പ്രോജക്ട് റ്റി.എ.ജി. ജില്ലാ ആസൂത്രണ ബോർഡ് എന്നിവിടങ്ങളിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ടി പ്രോജക്ട് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം നടത്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം തുടങ്ങുമെന്ന് അന്വേഷണത്തിൽ അറിയുന്നു".

43. ളാലം ഗ്രാമപഞ്ചായത്തിലെ പ്രോജക്ടിന്റെ ചെലവെത്രയെന്ന സമിതിയുടെ ചോദ്യത്തിന് 5,79,000 രൂപയെന്ന് പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

44. പദ്ധതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഇതുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-2-2011-ലെ 6017/എ.സി.3/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ളാലം ബ്ലോക്ക് പഞ്ചായത്തിൽ 1997-98-ൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി വാങ്ങിയ 2 ഏക്കർ ഭൂമിയിൽ മിനി വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി പ്ലോട്ടിനുള്ളിൽ റോഡ് നിർമ്മിക്കുകയും മതിൽകെട്ടി അടവാക്കുകയും, കുളം, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ച ഭൂമി ഒഴികെ, ലഭ്യമായ മുഴുവൻ ഭൂമിയും വ്യവസായ സംരംഭകർക്കായി അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ 5 യൂണിറ്റുകൾ ഇതിൽ പ്രവർത്തിക്കുന്നുണ്ട്".

45. കൊല്ലം ജില്ലാ പഞ്ചായത്ത് തലവൂരിൽ ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

46. ഇതുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 22-2-2011-ലെ 6017/എ.സി.3/11/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"തലവൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ 10 ഷെഡ്ഡുകളും അലോട്ട് ചെയ്ത് നൽകിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

47. **മിനി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പതിനാറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1998-2003 കാലഘട്ടത്തിൽ 2.96 കോടി രൂപയുടെ മുതൽമുടക്ക് നടത്തിയെങ്കിലും ഭൂരിപക്ഷം സ്ഥലങ്ങളിലും യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചത് വർഷങ്ങൾക്കുശേഷമായതിനാൽ ലക്ഷ്യമിട്ടതിന്റെ ചെറിയ ശതമാനം മാത്രമേ വരുമാനമായി തിരികെ ലഭിച്ചിട്ടുള്ളൂവെന്നും ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ആസൂത്രണത്തിന്റെ വീഴ്ചകൊണ്ടാണെന്നും സമിതി വിലയിരുത്തുന്നു. ചില മിനി വ്യവസായ എസ്റ്റേറ്റുകളിലും യൂണിറ്റുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് വ്യവസായ ആവശ്യങ്ങൾക്കായി അടിയന്തിരമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

48. **പയ്യന്നൂർ മുനിസിപ്പാലിറ്റി മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വാങ്ങിയ സ്ഥലത്തിന്റെ പട്ടയം അടിയന്തിരമായി വാങ്ങി സൂക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം, സംസ്ഥാനത്ത് എത്ര മിനി വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും ആയതിനായി സംസ്ഥാനത്ത് എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2012 മാർച്ച് 21.

വർക്കല കഹാർ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തദ്ദേശസ്വയംഭരണം, ആഭ്യന്തരം | 5 | കായംകുളം മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തി അഴിമതി ആരോപണത്തെ തുടർന്ന് സർക്കാർ സ്റ്റേ ചെയ്തുവെന്നും ഇത് സംബന്ധിച്ച അന്വേഷണം വിജിലൻസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി 21.50 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും 3,70,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുന്നു. 2004-ൽ ഇത് സംബന്ധിച്ച കേസ് വിജിലൻസ് ഏറ്റെടുത്തുവെങ്കിലും 2011 ആയിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത കാലതാമസത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം അതിനുത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശുപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കണമെന്നും അതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം ഈ കേസ് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | ആഭ്യന്തരം | 6 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷിക്കുന്ന കേസുകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. വിജിലൻസ് വകുപ്പിലെ കാലതാമസം മൂലം കുറ്റക്കാർക്കെതിരെ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കാതെ വരികയും പലപ്പോഴും കുറ്റക്കാരായ ഉദ്യോഗസ്ഥർ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ദുർവിനിയോഗം ചെയ്ത പൊതുപണം യഥാസമയം വീണ്ടെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് കൈമാറപ്പെടുന്ന കേസുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിന് ആഭ്യന്തരവകുപ്പ് നടപടിയെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയംഭരണം | 9 | എത്തിച്ചേരാൻ വഴിയില്ലാത്ത വസ്തു വാങ്ങി കശാപ്പുശാല നിർമ്മിച്ചതുവഴി 36.49 ലക്ഷം രൂപ 12 വർഷക്കാലത്തോളം പ്രയോജനരഹിതമായ നിക്ഷേപമായി അവശേഷിക്കുവാൻ തൃശൂർ ജില്ലാ പഞ്ചായത്തും വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തും ഇടയാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വാങ്ങിയ ഭൂമിയിൽ എത്തിച്ചേരാൻ വഴിയില്ലാതിരുന്നിട്ടും ജില്ലാ പഞ്ചായത്ത് 33.19 ലക്ഷം രൂപ മുടക്കി കശാപ്പുശാല നിർമ്മിച്ചതിന്റെ ഔചിത്യം സമിതിക്ക് ബോദ്ധ്യപ്പെടുന്നില്ല. 2006-07-ൽ ജില്ലാ-ഗ്രാമപഞ്ചായത്ത് വഴിക്ക് വേണ്ടി സ്ഥലം വാങ്ങി റോഡ് നിർമ്മിച്ചുവെങ്കിലും 2010 ആയിട്ടും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തത് ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിലുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. പദ്ധതി വിഹിതത്തിൽ നിന്ന് വലിയ തുക ചെലവഴിച്ച് പന്ത്രണ്ട് കൊല്ലം കഴിഞ്ഞിട്ടും ഇതിന്റെ ഒരു പ്രയോജനവും ജനങ്ങൾക്ക് ലഭിക്കാത്തത് പൊതുപണത്തിന്റെ ദുർവിനിയോഗമായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കണക്കാക്കാവുന്നതാണ്. ആയതിനാൽ 1998-ൽ ആരംഭിച്ച പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ചുള്ള വിശദവിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4 | തദ്ദേശസ്വയംഭരണം | 13 | പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ സൃഷ്ടിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ 22.64 ലക്ഷം രൂപയുടെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിക്കൂട്ടിയത് പദ്ധതിപ്പണം എങ്ങനെ ധൂർത്തടിക്കാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു. കെമിക്കലുകൾക്കും ഉപകരണങ്ങൾക്കും ഒരു പ്രാദേശിക സ്ഥാപനത്തിന് ഓർഡർ നൽകി അവിടെനിന്നും ഇൻവോയ്സ് വാങ്ങി, സാധനങ്ങൾ നല്ല നിലയിൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം 22.64 ലക്ഷം രൂപ സ്ഥാപനത്തിന് നൽകുകയും സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിൽത്തന്നെ ആയത് സൂക്ഷിക്കുകയും പിന്നീട് 14 മാസങ്ങൾക്കുശേഷം അവ വിതരണം നടത്തുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം സാധനങ്ങൾ വാങ്ങിയതിലും സപ്ലൈ ചെയ്തതിലും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്നും തൽഫലമായി ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുന്നു. ആയതിനാൽ, ഈ പ്രോജക്ട് നടത്തിപ്പിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്നും വ്യവസ്ഥകൾ പാലിക്കാതെയും അടിസ്ഥാന സൗകര്യം ഒരുക്കാതെയും സാധനങ്ങളുടെ വില സപ്ലൈ ചെയ്ത സ്ഥാപനത്തിന് മുൻകൂർ നൽകുകയും 14 മാസങ്ങൾക്കുശേഷം അവ വാങ്ങി സപ്ലൈ ചെയ്യുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉൾപ്പെടെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | തദ്ദേശസ്വയംഭരണം | 14 | പദ്ധതിപ്പണം വിനിയോഗിക്കുന്നത് സംബന്ധിച്ച് ഭരണവകുപ്പ് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 6 | ,, | 21 | നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1997-2002 കാലഘട്ടത്തിൽ രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടി 20.28 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പത്ത് വർഷത്തിനു ശേഷവും ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ രക്തം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ മറ്റ് മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രക്തബാങ്ക് തുടങ്ങുന്നതിനുള്ള നടപടി പകുതി ഘട്ടത്തിലെത്തിയതേയുള്ളൂ. ആയതിനാൽ ചങ്ങനാശ്ശേരി, വടകര, നെടുമങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിൽ രക്തബാങ്ക് തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | ,, | 47 | മിനി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പതിനാറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1998-2003 കാലഘട്ടത്തിൽ 2.96 കോടി രൂപയുടെ മുതൽമുടക്ക് നടത്തിയെങ്കിലും ഭൂരിപക്ഷം സ്ഥലങ്ങളിലും യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചത് വർഷങ്ങൾക്കുശേഷമായതിനാൽ ലക്ഷ്യമിട്ടതിന്റെ ചെറിയ ശതമാനം മാത്രമേ വരുമാനമായി തിരികെ ലഭിച്ചിട്ടുള്ളൂവെന്നും ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ആസൂത്രണത്തിന്റെ വീഴ്ചകൊണ്ടാണെന്നും സമിതി വിലയിരുത്തുന്നു. ചില മിനി വ്യവസായ എസ്റ്റേറ്റുകളിലും യൂണിറ്റുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് വ്യവസായ ആവശ്യങ്ങൾക്കായി അടിയന്തിരമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | തദ്ദേശസ്വയംഭരണം | 48 | പയ്യന്നൂർ മുനിസിപ്പാലിറ്റി മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വാങ്ങിയ സ്ഥലത്തിന്റെ പട്ടയം അടിയന്തിരമായി വാങ്ങി സൂക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം, സംസ്ഥാനത്ത് എത്ര മിനി വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും ആയതിനായി സംസ്ഥാനത്ത് എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നുമുള്ള വിശദ വിവരം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |